

കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2023-2024

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020

ഇ-മെയിൽ: dokkd.ksad@kerala.gov.in

ഫോൺ : 0495-2371012

(രജിസ്റ്റർ ചെയ്തു കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ എസ് എ കെ കെ ഡി/ പി3/1942/24

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കോഴിക്കോട്-673020
തീയ്യതി: 02/12/2024
ഇ-മെയിൽ: dokkd.ksad@kerala.gov.in
ഫോൺ: 0495-2371012

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
നരിപ്പറ്റ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഇ.പ.സ),
2) ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, കോഴിക്കോട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ എസ് എ കെ കെ ഡി/ പി3/1942/24 തീയ്യതി: 02/12/2024

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18,** (**1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4)**) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 26-09-2023 മുതൽ 31-03-2024 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 24 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 2 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി.നന്ദന എസ് പിള്ള കെ.എ.എസ്	ഡെപ്യൂട്ടി ഡയറക്ടർ	05-11-2024	14-11-2024

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി (മുതൽ)	തീയതി (വരെ)
05-11-2024	14-11-2024

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.സതീഷ് കുമാർ.സി.പി., ഓഡിറ്റ് ഓഫീസർ
ശ്രീ.എൻ.രാജീവൻ., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.ജാസിർ.സി.എം., സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.വിജേഷ്.കെ.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ബാബു കെ	പ്രസിഡന്റ്	01-04-2023	31-03-2024
ശ്രീമതി രാജശ്രീ സി.എച്ച്.	സെക്രട്ടറി	01-04-2023	31-03-2024

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. സന്തോഷ് സി	അസിസ്റ്റന്റ് സെക്രട്ടറി	01-04-2023	14-07-2023
ശ്രീ.രജീവൻ വി.പി	അസിസ്റ്റന്റ് സെക്രട്ടറി	15-07-2023	31-03-2024
ഡോ. ശ്രീഷ്മപ്രിയ ബി	മെഡിക്കൽ ഓഫീസർ-എഫ്.എച്ച്.സി	01-04-2023	21-06-2023
ഡോ.ഇസ്മയിൽ പുളിയംവീട്ടിൽ	മെഡിക്കൽ ഓഫീസർ എഫ്.എച്ച്.സി	21-06-2023	31-03-2024
ശ്രീ. പ്രദീപ് കുമാർ വി.പി	ഹെഡ്മാസ്റ്റർ/ഹെഡ്മിസ്ട്രസ്	01-04-2023	31-03-2024
ഡോ. ജോൽസ്ന ബാലകൃഷ്ണൻ	മെഡിക്കൽ ഓഫീസർ-ഹോമിയോ	01-04-2023	31-03-2024
ഡോ.സജിത്ത് വി	മെഡിക്കൽ ഓഫീസർ - ആയുർവ്വേദ	01-04-2023	05-09-2023
ഡോ.ടെസ്റ്റി മെറിൻ	മെഡിക്കൽ ഓഫീസർ - ആയുർവ്വേദ	05-09-2023	31-03-2024
ശ്രീമതി.ഷരീഫ കെ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2023	31-03-2024
വിജയൻ കെ.കെ	വി.ഇ.ഒ നരിപ്പറ്റ സർക്കിൾ	01-04-2023	12-07-2023
നിസാർ യു.പി	വി.ഇ.ഒ നരിപ്പറ്റ സർക്കിൾ(ഇൻ-ചാർജ്ജ്)	13-07-2023	20-07-2023
ശ്രീമതി.നിത്യ ബി	വി.ഇ.ഒ നരിപ്പറ്റ സർക്കിൾ	20-07-2023	31-03-2024
ശ്രീ.നിസാർ ഉത്തരപ്പള്ളി	വി.ഇ.ഒ -തിനൂർ സർക്കിൾ	01-04-2023	31-03-2024
ശ്രീമതി.ജിതിയ കെ.കെ.	അസിസ്റ്റന്റ് എഞ്ചിനീയർ	01-04-2023	11-05-2023
ശ്രീമതി.വിജുല കെ	അസിസ്റ്റന്റ് എഞ്ചിനീയർ	12-05-2023	24-05-2023
ശ്രീ.സുവീഷ് ടി.ടി	അസിസ്റ്റന്റ് എഞ്ചിനീയർ	25-05-2023	09-09-2023
ശ്രീമതി.ആര്യ ബാബു പി	അസിസ്റ്റന്റ് എഞ്ചിനീയർ	10-09-2023	08-11-2023

ശ്രീമതി.രാജശ്രീ സി.എച്ച് സെക്രട്ടറി	അസിസ്റ്റന്റ് എഞ്ചിനീയർ(ഇൻ ചാർജ്ജ്)	09-11-2023	31-03-2024
ഡോ.ആലിക്കുട്ടി വി.കെ	വെറ്ററിനറി സർജ്ജൻ	01-04-2023	30-04-2023
ഡോ.അഞ്ജന പ്രസാദ്	വെറ്ററിനറി സർജ്ജൻ	30-04-2023	15-06-2023
ഡോ.അഞ്ജന ജെ.എസ്	വെറ്ററിനറി സർജ്ജൻ	16-06-2023	31-03-2024
ശ്രീ.മഹേഷ്	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2023	31-03-2024
ശ്രീമതി.അഖില കെ	കൃഷി ഓഫീസർ	01-04-2023	05-04-2023
ശ്രീ.ശ്യാദാസ് പി	കൃഷി ഓഫീസർ	06-04-2023	04-06-2024
ശ്രീമതി.ജസ്ല എം.എം	കൃഷി ഓഫീസർ	05-06-2023	31-03-2024

ഉള്ളടക്കം

ക്രമ നം	ഭാഗം 1	ഖണ്ഡിക നമ്പർ
1	ഓഡിറ്റ് സർട്ടിഫിക്കറ്റ്	1-1
2	എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.	1-1-1
3	ക്യാഷ്-ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.	1-1-2
4	ചെലവ് വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം	1-1-3
5	തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.	1-1-4
6	ചെലവഴിക്കാൻ അവശേഷിക്കുന്ന സി.എഫ്.സി. ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.	1-1-5
7	സി.എഫ്.സി ഇനത്തിൽ എ.സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം.	1-1-6
8	അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.	1-1-7
9	ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല	1-1-8
10	ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.	1-1-9
11	ബജറ്റ്	1-2
12	സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)	1-3
13	ഗ്രാന്റ് വിനിയോഗം	1-4
14	പദ്ധതി അവലോകനം	1-5
15	ക്യാഷ് പരിശോധന	1-6
16	വസ്തു നികുതി കണക്കാക്കിയതിലെ അപാകത	1-7
17	വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല	1-8
18	ചട്ടങ്ങൾക്കനുസൃതമായല്ലാതെ കാഷ് പേയ്മെന്റ് നടത്തുന്നു	1-9
19	ജി.എസ്.ടി.എസ്. തിനൂർ കെട്ടിടം ജീർണ്ണാവസ്ഥയിൽ	1-10
20	ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച	1-11
21	എസ്.എസ്.കെ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം കുറവ്	1-12
22	എസ്.സി, എസ്.ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം - വാങ്ങൽ നടപടികളിലെ വീഴ്ച മൂലം അധിക തുക നൽകി	1-13
23	ഗോത്ര സാരഥി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച	1-14
24	ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിത കർമ്മ സേന - പ്രവർത്തനാവലോകനം	1-15
25	എ.ബി.സി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-16
26	ശൗചാലയ നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച	1-17
27	സ്വയംതൊഴിൽ പദ്ധതി - സബ്സിഡി നൽകി ഒരു വർഷം കഴിഞ്ഞിട്ടും	1-18

	സംരംഭം ആരംഭിച്ചില്ല	
28	പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല	1-19
29	MCF നിർമ്മാണം അപാകത	1-20
30	കുടിവെള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ	1-21
31	നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി	1-22
32	താല്കാലിക അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം - വേതനം നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.	1-23
33	അസി.എഞ്ചിനിയർ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ഐ.ടി ഈടാക്കിയില്ല	1-24
34	കരാർ തുകയ്ക്ക് ആനുപാതികമായല്ലാതെ കുറഞ്ഞ തുകയ്ക്കുള്ള സ്റ്റാംപ് പേപ്പറിൽ കരാർ വെച്ചു	1-25
35	തൊഴിലുറപ്പ് പദ്ധതി - സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ അധികരിച്ച് തുക നൽകുന്നു.	1-26
36	അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറകാരന് അധികം തുക നൽകുന്നു	1-27
37	ആദായ നികുതി ഈടാക്കിയില്ല	1-28
38	മറ്റൊരാളുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നു	1-29
ഭാഗം 2		
--- No Records Found ---		
ഭാഗം 3		
1	പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല	3-1
ഭാഗം 4		
1	വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം	4-1
2	സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം	4-2
3	നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ	4-3
4	മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ	4-4
5	വായ്പ / വായ്പാതിരിച്ചടവ്	4-5
6	സ്ഥിര നിക്ഷേപം	4-6
7	ഓഡിറ്റ് റിക്കവറി	4-7
8	സമാഹൃത ഓഡിറ്റ് റിപ്പോർട്ട്	4-8
9	ചാർജ് /സർചാർജ് നടപടികളുടെ വിവരം	4-9
10	ഓഡിറ്റ് പ്രത്യവലോകനം	4-10
11	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-11
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2024 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡിച്ചർ അക്കൗണ്ട് എന്നിവയും 31.03.2024 തീയതി പ്രകാരമുള്ള ആസ്തി ബാധ്യതാ സ്റ്റേറ്റ്മെന്റും ഉൾപ്പെടുന്ന ധനകാര്യ പത്രികകളും പ്രസ്തുത ധനകാര്യ പത്രികകൾക്ക് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുള്ള ഫോറങ്ങളും ഭരണസമിതിയുടെ 29.05.2024 തീയതിയിലെ 1(1) നമ്പർ തീരുമാനം പ്രകാരം അംഗീകരിച്ച് 31.05.2024 തീയതിയിൽ എയിംസിലൂടെ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത വാർഷിക ധനകാര്യ പത്രികകളും, അനുബന്ധ ഫോറങ്ങളും ഇവ വെളിപ്പെടുത്തുന്ന സാമ്പത്തിക നിലയും 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 215(4), 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ, 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ട്, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് റൂൾസ്, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ബാധകമായ ഓഡിറ്റ് മാന്വൽ അദ്ധ്യായം 4.2.1, 11.3 എന്നിവയിലെ വ്യവസ്ഥകൾ പ്രകാരവും കേന്ദ്ര/സംസ്ഥാന സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിങ്ങ് ഏജൻസികൾ എന്നിവ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പാലിച്ചും ഞാൻ ഓഡിറ്റിന് വിധേയമാക്കിയിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപന മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. സി. & എ. ജി. ഓഫ് ഇന്ത്യ പുറപ്പെടുവിച്ചിട്ടുള്ള ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിന് വേണ്ടിയുള്ള മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ അനുസരിച്ചാണ് വാർഷിക ധനകാര്യപത്രികകളിന്മേൽ ഞാൻ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയത്. വാർഷിക ധനകാര്യപത്രികകൾ വസ്തുതാപരമായ തെറ്റുകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. വാർഷിക ധനകാര്യപത്രികകൾ വെളിപ്പെടുത്തുന്ന തുകകളെ പിന്തുണയ്ക്കുന്ന തെളിവുകളുടെ പരിശോധന ഓഡിറ്റിൽ ഉൾപ്പെടുന്നു. കൂടാതെ പഞ്ചായത്ത് രാജ് സ്ഥാപനം പാലിച്ചിട്ടുള്ള അക്കൗണ്ടിങ്ങ് തത്വങ്ങളും തയ്യാറാക്കപ്പെട്ട സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും വിശ്വസനീയമായ വിവരങ്ങളുടെയും സ്ഥാപനം ലഭ്യമാക്കിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോട് കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ അതിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ധനകാര്യപത്രികകൾ 31.03.2024ൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സാമ്പത്തിക

ഇടപാടുകളുടെയും 31.03.2024ലെ സാമ്പത്തിക നിലയുടെയും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

കോഴിക്കോട്

ഡെപ്യൂട്ടി ഡയറക്ടർ

1-1-1 എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62 ൽ നിഷ്കർഷിക്കും വിധമുള്ള എല്ലാ പത്രികകളും വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

ഉദാ-റേഷ്യോസ്

1-1-2 ക്യാഷ്-ഫ്ലോ പത്രിക പൊരുത്തപ്പെടുന്നില്ല.

വാർഷികകണക്കിനോടൊന്നിച്ച് സമർപ്പിച്ച ക്യാഷ്-ഫ്ലോ പത്രികയിലെ ആകെ ക്യാഷ്-ഫ്ലോയും (-23034152) അതേ പത്രികയിലെ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും (-1147903) തമ്മിൽ പൊരുത്തപ്പെടുന്നില്ല.

1-1-3 ചെലവ് വിവരങ്ങൾ ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം

ഗ്രാമപഞ്ചായത്തിൽ കേരള ഗ്രാമീൺ ബാങ്ക് അക്കൗണ്ടിന്റെ (A/C Number-40232100109067) ബാങ്ക് സ്റ്റേറ്റ്മെന്റ് , ബാങ്ക് ബുക്ക് എന്നിവ പരിശോധിച്ചതിൽ വിവിധ തിയ്യതികളിൽ ചെലവ് ചെയ്തത് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തുന്നതിൽ കാലതാമസം സംഭവിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടു.

ഉദാഹരണം ചുവടെ ചേർക്കുന്നു.

.04.09.2023 തിയ്യതിയിൽ ചെക്ക് നമ്പർ 41911/25.08.2023 പ്രകാരം ചെലവഴിച്ച 8854/- രൂപയുടെ ചെലവ് ബാങ്ക് ബുക്കിൽ രേഖപ്പെടുത്തിയ തിയ്യതി 11.09.2023 ആണ്.

1-1-4 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.

തെറ്റായ ശീർഷകങ്ങളിൽ ചെലവുകൾ ബുക്ക് ചെയ്യുന്നതുമൂലം വാർഷിക കണക്ക് യഥാർത്ഥ കണക്കുകളെ പ്രതിഫലിപ്പിക്കുന്നില്ല.

ഉദാ- ഹരിത കർമ്മസേനക്ക് മൊമന്റോ വാങ്ങിയ ഇനത്തിലുള്ള ചെലവ് (തുക 8850/- തിയ്യതി-12.06.2023) “Printing Charges(Head Code-220210101)” എന്ന ശീർഷകത്തിലാണ് ബുക്ക് ചെയ്തിരിക്കുന്നത്.

1-1-5 ചെലവഴിക്കാൻ അവശേഷിക്കുന്ന സി.എഫ്.സി. ഗ്രാന്റ് തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക് അക്കൗണ്ട് പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

സി.എഫ്.സി ഗ്രാന്റ് (Tied+Un-Tied) ഇനത്തിൽ വാർഷികകണക്ക് ബാലൻസ് ഷീറ്റ് ബി-4 പ്രകാരമുള്ള ആകെ ബാലൻസ് തുക 12025465/-രൂപയാണ്. ബി-17 പ്രകാരം പ്രസ്തുത തുകയ്ക്കുള്ള ബാങ്ക് അക്കൗണ്ടിൽ ബാലൻസ് തുക 12287504/- രൂപയാണ്. നീക്കിയിരിപ്പ് തുകകൾ തമ്മിൽ 262039/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു.

1-1-6 സി.എഫ്.സി ഇനത്തിൽ എ.സി.ആറിലെ ചെലവും വാർഷിക കണക്കിലെ ചെലവും തമ്മിൽ വ്യത്യാസം.

സാംഖ്യ വെബ് എ.സി.ആർ പ്രകാരം സി.എഫ്.സി ഇനത്തിൽ ആകെ ചെലവ് തുക 9180126/-രൂപയാണ്. വാർഷികകണക്ക് പ്രകാരം ചെലവ് തുക 9180269/-രൂപയാണ്. ഇവ

തമ്മിൽ 143/- രൂപയുടെ വ്യത്യാസം നിലനില്ക്കുന്നു. ബാങ്ക് ചാർജ് ഇനത്തിൽ വന്ന ഈ ചെലവ് RP-30(P) ൽ ഗ്രാന്റ് ലഭിച്ച സ്ഥാപനത്തിന് തിരികെ നൽകിയതായ ഹെഡിലാണ് ചേർത്തിരിക്കുന്നത്. ബാങ്ക് ചാർജ് ഇനത്തിൽ ഈടാക്കിയ തുക ബാങ്കിൽ നിന്ന് തിരികെ ഈടാക്കേണ്ടതാണ്.

1-1-7 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

അക്രൂവൽ അടിസ്ഥാനത്തിലുള്ള വരവുകൾക്ക് സമയബന്ധിതമായി ഡിമാന്റ് എൻട്രികൾ രേഖപ്പെടുത്തുന്നില്ല.

ഉദാ-വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി വരുത്തുന്നില്ല.

1-1-8 ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയത് ക്രമപ്രകാരമല്ല

ബി-11(a) ഷെഡ്യൂളിൽ 416100110 ശീർഷകത്തിൽ 9053958/-രൂപ ഡിപ്രിസിയേഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ആയതിന് അധികരിച്ച ആസ്തി മൂല്യം ബി-11 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

1-1-9 ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല.

സ്ഥാപനം ആഭ്യന്തര നിയന്ത്രണ സംവിധാനത്തിന്റെ ഭാഗമായി ലെഡ്ജർ ബാലൻസുകളും ആ ശീർഷകവുമായി ബന്ധപ്പെട്ട രജിസ്റ്ററുകളും തമ്മിൽ പ്രതിമാസം പൊരുത്തപ്പെടുത്തൽ നടത്തുന്നില്ല. അപാകതകൾ പരിഹരിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-2 ബജറ്റ്

പഞ്ചായത്തിന്റെ 2023-24 വർഷത്തെ ബജറ്റ് 23.03.2023 തീയതിയിലെ 1/1 നം തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ / പരിഷ്കരിച്ച ബജറ്റ് 31.01.2024 തീയതിയിലെ 1/2 തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

മുന്നിരിപ്പ്	3,48,18,676
വരവ്	4,25,53,263
ആകെ	7,73,71,939
ചെലവ്	4,37,01,166
നീക്കിയിരിപ്പ്	3,36,70,773

1-4 ഗ്രാന്റ് വിനിയോഗം

ഫണ്ടിനം	ഒ.ബി	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്/ ലാപ്സായ തുക
വികസന ഫണ്ട്-ജനറൽ	0	23253000	23253000	17062359	6190641
വികസന ഫണ്ട്-	0	992000	992000	992000	0

എസ്.സി.പി					
വികസന ഫണ്ട്-ടി.എസ്.പി	0	466000	466000	466000	0
മെയിന്റനൻസ്, റോഡ്	0	21349350	21349350	1342253	20007097
മെയിന്റനൻസ്, നോൺ-റോഡ്	0	3095400	3095400	1875888	1219512
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -ടൈഡ് (Tied)	5847733	2888000	8735733	5870698	2865035
സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ്-അൺ-ടൈഡ് (Untied)	8234243	4235901	12470144	3309714	9160430

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പാക്കാത്തവ (എണ്ണം)	പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം
211	157239291	99	45826269	112	46.919

1-6 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 07.11.2024 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2238/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-7 വസ്തു നികുതി കണക്കാക്കിയതിലെ അപാകത

ശ്രീ.അൻവറലി.ടി.വി, തറവറ്റത്ത് വീട് എന്നവരുടെ ഉടമസ്ഥതയിലുള്ളതും SC3-BA(41580)/2023 Dtd 01-02-2023 നമ്പർ കെട്ടിട നിർമ്മാണ പെർമിറ്റ് പ്രകാരമുള്ള 284.34M2 ഉള്ള വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണം പൂർത്തീകരിച്ച് ഓക്യുപ്പൻസിയ്ക്ക് അപേക്ഷിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടത്തിന് 11/501A, 11/501B, 11/501C, 11/501D എന്നിങ്ങനെ കെട്ടിട നമ്പർ നൽകുകയും 2023-24 രണ്ടാം അർദ്ധ വർഷം മുതൽ നികുതി ഈടാക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച ഫയൽ പരിശോധിച്ചതിൽ കെട്ടിടത്തിലേക്ക് 6 മീറ്റർ റോഡ് ആക്സസ് ഉണ്ടായിട്ടും ആയതിന്റെ നികുതി വർദ്ധന വരുത്താതെയാണ് നികുതി കണക്കാക്കിയിരിക്കുന്നത് എന്ന് കണ്ടു. സഞ്ചയയിൽ കെട്ടിടത്തിന്റെ അടിസ്ഥാന വിവരങ്ങൾ നൽകിയതിൽ 5 മീറ്ററിൽ കൂടുതൽ വീതിയുള്ള വഴി കാണിക്കേണ്ടതിന് പകരം 1.5 മീറ്ററിൽ കൂടുതലുള്ള വഴി എന്നാണ് കൊടുത്തിരിക്കുന്നത്. ഇതിനാൽ അടിസ്ഥാന വസ്തുനികുതിയിൽ 20% വർദ്ധന വരുത്താതെ നികുതി കണക്കാക്കപ്പെട്ടു. അപാകതയ്ക്ക് മറുപടി വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകയറിയ്ക്ക് (നം.21/23-24 തീയതി 14-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. കെട്ടിടത്തിന്റെ നികുതി പരിഷ്കരിച്ച് കുറവ് വന്ന നികുതി കുടിശ്ശിക സഹിതം ഈടാക്കി രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-8 വസ്തു നികുതി പരിഷ്കരണ നടപടികൾ പൂർത്തിയാക്കിയില്ല

തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 22-03-2023 ലെ സ.ഉ(കൈ)നം.77/2023/LSGD നമ്പർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തുകളിൽ 01-04-2023 മുതൽ വസ്തുനികുതി പുതുക്കി നിശ്ചയിക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരം 2022-23 വർഷം വരെ വസ്തുനികുതി നിർണ്ണയിച്ചിട്ടുള്ള മുഴുവൻ കെട്ടിടങ്ങളുടെയും വാർഷിക വസ്തുനികുതിയോടൊപ്പം, 2023-24 മുതൽ ഓരോ വർഷവും, തൊട്ട് മുൻ വർഷത്തിൽ പ്രാബല്യത്തിലുള്ള നികുതിയുടെ 5% വീതം വർദ്ധനവ് വരുത്തി ഗ്രാമ പഞ്ചായത്തുകൾ അടുത്ത അഞ്ച് വർഷത്തേക്കുള്ള വസ്തുനികുതി പുതുക്കി നിശ്ചയിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ വസ്തുനികുതി പരിഷ്കരണ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കുന്നതിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന് വീഴ്ച സംഭവിച്ചിട്ടുണ്ട്. നികുതി പരിഷ്കരണ ഉത്തരവ് പ്രകാരം നിലവിലെ കെട്ടിടങ്ങളിൽ അധിക നിർമ്മാണം നടത്തിയത് 30-06-2023 ന് മുൻപായി പരിശോധന നടത്തി വിവരം "സഞ്ചയ" സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തണം എന്ന് നിർദ്ദേശിക്കുന്നുണ്ടെങ്കിലും ഓഡിറ്റ് പിരീഡ് വരെ ഈ നടപടികൾ പൂർത്തീകരിക്കാൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല. വിവരശേഖരണത്തിനും ഡാറ്റാ എൻട്രിക്കുമായി സാങ്കേതിക പരിജ്ഞാനമുള്ളവരെ ഒരു കെട്ടിടത്തിന് 50/-രൂപ നിരക്കിൽ നിയമിക്കാവുന്നതാണ്. വസ്തുനികുതി നിർണ്ണയത്തിന് ശേഷം തറ വിസ്തീർണ്ണത്തിലും ഉപയോഗക്രമത്തിലും മറ്റും മാറ്റം വരുത്തിയ പഞ്ചായത്തിലെ ആകെയുള്ള 17 വാർഡുകളിലെയും മുഴുവൻ കെട്ടിടങ്ങളുടെയും ഫീൽഡ് തല പരിശോധന സാങ്കേതിക പരിജ്ഞാനമുള്ള 7 പേരെ നിയമിച്ച് പൂർത്തിയായതായി ഓഡിറ്റ് എൻകയറി (നം.10/24 തീ. 12-11-2024) യ്ക്ക് മറുപടി നൽകിയിട്ടുണ്ട്. എന്നാൽ ഈ കെട്ടിടങ്ങളുടെ വിവരങ്ങൾ നാളിതുവരെ സഞ്ചയയിൽ ഡാറ്റാ എൻട്രി വരുത്തുകയോ നികുതി പരിഷ്കരിക്കുന്നതിനുള്ള മറ്റ് നടപടികൾ സ്വീകരിക്കുകയോ ചെയ്തിട്ടില്ല. യഥാസമയം നികുതി പരിഷ്കരിച്ച് ഡിമാന്റ് നോട്ടീസ് നൽകാത്തത് കെട്ടിട ഉടമകൾക്ക് വലിയ തുക നികുതി കുടിശ്ശിക അടക്കേണ്ടതായി വരികയും പഞ്ചായത്തിന് സമയബന്ധിതമായി ലഭ്യമാകേണ്ട യഥാർത്ഥ നികുതി ഡിമാന്റ് പ്രകാരമുള്ള വരവ് ലഭ്യമാകാതിരിക്കുകയും ചെയ്യാനിടയാക്കുന്നു.

നികുതി - പുനർ നിർണ്ണയ നടപടികൾ അടിയന്തിരമായി പൂർത്തീകരിക്കേണ്ടതും പുതുക്കിയ നിരക്കിലുള്ള വസ്തുനികുതി ഡിമാന്റ് 100% ഉറപ്പ് വരുത്തി നികുതി മുഴുവൻ ഈടാക്കി വിശദ വിവരം രേഖകൾ സഹിതം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

1-9 ചട്ടങ്ങൾക്കനുസൃതമായല്ലാതെ കാഷ് പേയ്മെന്റ് നടത്തുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പ്രൊജക്ട് നമ്പർ : 60/24

പ്രൊജക്ട് : ജീവതാളം

ബിൽ നമ്പർ, തുക : 889149/05-12-2023, 89,954/-

മേൽ ബില്ല് പ്രകാരം മാറിയ തുകയിൽ 51,000/-രൂപ വാർഡ് തല പ്രവർത്തനങ്ങൾക്കായി ജെ.എച്ച്.ഐ. മാരുടെ അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

	ജെ.എച്ച്.ഐ	കൈമാറിയ തുക	വാർഡുകൾ
1	ഷാനവാസ് വൈ ബി	24,000	1,2,3,4,5,6,7,17
2	ഷാജി എൻ കെ	12,000	8,9,10,11
3	സുഭാഷ് സി	15,000	12,13,14,15,16

മേൽ പ്രൊജക്ട് പ്രകാരം ജീവിതശൈലീ രോഗ നിർണ്ണയ ക്യാമ്പ് നടത്തുക, ക്ളസ്റ്ററിന്റെ ആഭിമുഖ്യത്തിൽ നടത്തി വരുന്ന ജീവിതശൈലീ രോഗ പ്രതിരോധ/നിയന്ത്രണ പ്രവർത്തനങ്ങൾക്കുള്ള പ്രോത്സാഹന ധനസഹായം നൽകുക എന്നീ പ്രവർത്തനങ്ങളാണ് സംഘടിപ്പിച്ചത്. ജെ.എച്ച്.ഐ മാരുടെ അക്കൗണ്ടിലേക്ക് കൈമാറിയ തുകകൾ ക്യാമ്പ് സജ്ജീകരണം, ചായ, വണ്ടി വാടക എന്നിവയ്ക്കായി ഒരു വാർഡിന് 1000/-രൂപ വെച്ച് ആശാവർക്കർമാർക്കും പ്രോത്സാഹന ധനസഹായമായി ഒരു വാർഡിന് 2000/-രൂപ വെച്ച് ക്ളസ്റ്റർ കൺവീനർമാർ/മെന്ററർമാർക്കും പണമായി നൽകിയിട്ടുണ്ട്. തുക അനുവദിച്ചതിന്റെ വിശദാംശം ചുവടെ :

വാർഡ്	1000/-രൂപ വെച്ച് കൈപ്പറ്റിയ ആശാ വർക്കർമാർ	2000/-രൂപ വെച്ച് കൈപ്പറ്റിയ ക്ളസ്റ്റർ കൺവീനർമാർ/ മെന്ററർമാർ
1	മിനി പി	സീന എ കെ
2	സതി കെ കെ	സതി കെ കെ
3	ആബിദ കെ	ജോയി തോമസ്
4	രസി കെ ടി	സോമൻ കെ ടി
5	റീജ കെ കെ	നന്ദൻ കെ പി
6	ശോഭന സുരൻ	അശോകൻ മാസ്റ്റർ
7	പ്രസന്ന ടി പി	കെ കെ ചാത്തു
8	സൈനി സി വി	സജിന
9	നിഷ എൻ പി	കെ ഗോപാലൻ
10	ശീജിഷ എ എ	മുജീബ് വി കെ
11	മാലതി	കുഞ്ഞിക്കണ്ണൻ
12	ഷീബ എം കെ	രാജൻ ചോലങ്ങാട്ട്

13	സജിനി	ബിന്ദു
14	സജിനി പി	അബ്ദുൾ ഹമീദ് സി പി
15	അജന്ത പി	വേണുഗോപാലൻ കെ പി
16	റീജ പി കെ	പേരില്ല,ഒപ്പില്ല
17	സവിത കെ കെ	നീലകണ്ഠൻ കരുമാളി

2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 34(4) പ്രകാരം സാധ്യമായിടത്തോളം കാഷ് പേയ്മെന്റ് ഒഴിവാക്കേണ്ടതും, ഒരു ബില്ലിൽ നിന്നും പരമാവധി 1000/- രൂപ വരെ മാത്രമേ ക്യാഷ് ആയി നൽകാൻ പാടുള്ളൂ എന്നും നിഷ്കർഷിക്കുന്നു. എന്നാൽ ഇവിടെ ക്ളസ്റ്റർ കൺവീനർമാർ/മെന്റർമാർക്കു 2000/- രൂപ വീതം കാഷ് ആയാണ് നൽകിയിരിക്കുന്നത്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്. ചട്ടങ്ങൾക്കനുസൃതമായല്ലാതെ 17 ക്ളസ്റ്റർ കൺവീനർമാർ/ മെന്റർമാർക്ക് 2000/- രൂപ വെച്ച് നൽകിയ ആകെ 34,000/- രൂപയുടെ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകൃയറി നം.13/2023-24 ന് മറുപടി നൽകിയിട്ടില്ല)

1-10 ജി.എസ്.ടി.എസ്. തിനൂർ കെട്ടിടം ജീർണ്ണാവസ്ഥയിൽ

ഗ്രാമ പഞ്ചായത്തിലെ മുള്ളമ്പത്ത് സ്ഥിതി ചെയ്യുന്ന ഗവ. എൽ.പി സ്കൂളിന്റെ കെട്ടിടം മഴയത്ത് ചോർന്നതിനെ തുടർന്ന് മേൽക്കൂരയ്ക്ക് ടാർപോളിൻ ഇടുന്നതിന് ഗ്രാമ പഞ്ചായത്തിലെ തനത് ഫണ്ടിൽ നിന്ന് 18.08.23 ന് 7400/- രൂപ അനുവദിച്ചിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി പഞ്ചായത്ത് അധികൃതരോടൊപ്പം 07.11.2024 ന് സ്കൂൾ കെട്ടിടം സന്ദർശിക്കുകയുണ്ടായി. സ്കൂളിലെ നാല് ക്ലാസ് റൂമുകൾ പ്രവർത്തിക്കുന്ന ഓട് മേഞ്ഞ പ്രധാന കെട്ടിടത്തിന്റെ മേൽക്കൂരയിൽ ടാർപോളിൻ മേഞ്ഞതായി കാണുന്നു. ഈ കെട്ടിടത്തിന് അസിസ്റ്റന്റ് എഞ്ചിനിയർ ഫിറ്റ്നസ് നൽകിയിട്ടുണ്ട്. പഞ്ചായത്തിന് കൈമാറിക്കിട്ടിയ സ്കൂളുകളുടെ കാര്യത്തിൽ അവയുടെ അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ ഉറപ്പുവരുത്തേണ്ട ചുമതല ഗ്രാമ പഞ്ചായത്തുകളിൽ നിക്ഷിപ്തമാണ് എന്നിരിക്കേ, ആയത് നിറവേറ്റാൻ യുക്തമായ നടപടികൾ സ്വീകരിക്കാതിരിക്കുന്നത് ശരിയായ നടപടിയല്ല. മെയിന്റനൻസ് ഗ്രാന്റ് വിനിയോഗത്തിൽ പ്രഥമ പരിഗണന നൽകേണ്ട സ്കൂളുകളുടെ അറ്റകുറ്റപണിയിൽ വിഴ്ച വരുത്തുന്നത് ഗുരുതര വീഴ്ചയാണ്. വീഴ്ചയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.08/24/11.11.24) മറുപടി നൽകിയിട്ടില്ല. സ്കൂളിന് കെട്ടിടം നിർമ്മിക്കാൻ അടിയന്തിര നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

1-11 ആശുപത്രി മാനേജിംഗ് കമ്മിറ്റിയുടെ അക്കൗണ്ടുകൾ ഓഡിറ്റിന് സമർപ്പിക്കുന്നതിൽ വീഴ്ച

2010 ലെ കേരള പഞ്ചായത്ത് രാജ് പൊതുജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റി ചട്ടം 9 (1) പ്രകാരം ആശുപത്രി വികസന ഫണ്ടിന്റെ ഓഡിറ്റ് ലോക്കൽ ഫണ്ട് ഓഡിറ്റിൽ നിക്ഷിപ്തമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള

നരിപ്പറ്റ എഫ്.എച്ച്.സി (രൂപീകരിച്ചതു മുതൽ) നരിപ്പറ്റ ഹോമിയോ ആശുപത്രി (2020-21 മുതൽ 2023-24 വരെ) എന്നീ ആശുപത്രി മാനേജിംഗ് കമ്മിറ്റികളുടെ വാർഷിക കണക്കുകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നതിൽ വീഴ്ചയുണ്ടായിട്ടുണ്ട്. ഇത് സംബന്ധിച്ച് 2022-23 വർഷത്തെ റിപ്പോർട്ട് ഖ.1-24 ൽ പരാമർശിച്ചിട്ടുണ്ട്. എന്നാൽ ഇതിൽ ഗ്രാമ പഞ്ചായത്ത് തുടർ നടപടികൾ സ്വീകരിച്ചതായി കാണുന്നില്ല. വാർഷിക കണക്കുകൾ ഹാജരാക്കുന്നതിലെ വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം. 3/24/11.11.24) മറുപടി നൽകിയിട്ടില്ല. ഈ കാര്യത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-12 എസ്.എസ്.കെ പദ്ധതി നിർവ്വഹണത്തിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം കുറവ്

എസ്.എസ്.കെ പദ്ധതി വിഹിതം കൈമാറുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം	ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം.	83/24
അടങ്കൽ	400000
ഫണ്ട്	വികസന ഫണ്ട്
ചെലവ്	400000
ബിൽ നം.തി	41/24/04.07.23

എസ്.എസ്.കെ ജില്ലാ പ്രൊജക്ട് കോ ഓഡിനേറ്ററുടെ ബി.1005/2023/SSK/13.06.23 നമ്പർ കത്ത് പ്രകാരം ഗ്രാമ പഞ്ചായത്തിൽ വിദ്യാഭ്യാസ മേഖലയിലെ പദ്ധതികളുമായി ബന്ധപ്പെട്ട് എസ്.എസ്.കെ ഗ്രാമ പഞ്ചായത്തിന്റെ വിഹിതം ഇനത്തിൽ 1170800 ലക്ഷം രൂപ കൈമാറുന്നതിനാണ് ആവശ്യപ്പെട്ടത്. ഇതു പ്രകാരമാണ് മേൽ തുക അടവാക്കിയിട്ടുള്ളത്.

സ.ഉ(കൈ) നം. 84/2022/തസ്വഭവ.തി.19.04.22 പ്രകാരമുള്ള പദ്ധതി മാർഗ്ഗരേഖ ഖ. 8.6.(4)ൽ തദ്ദേശ ഭരണ സ്ഥാപനങ്ങൾ എസ്.എസ്.കെ പദ്ധതിക്ക് നൽകുന്ന തുകയുടെ വിനിയോഗം, ഓരോ സ്കൂളിലും നടത്തുന്ന പ്രവർത്തനങ്ങൾ/പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ തദ്ദേശഭരണ സ്ഥാപനങ്ങളെ എസ്.എസ്.കെ പ്രൊജക്ട് ഓഫീസർ അറിയിക്കണം. ഇതിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഭാരവാഹികളുടെ ഇടപെടൽ അടക്കമുള്ള പങ്കാളിത്തം എസ്.എസ്.കെ ഉറപ്പുവരുത്തണം. എന്നാൽ ഇത്തരത്തിലുള്ള പങ്കാളിത്ത പ്രവർത്തനങ്ങൾ ഈ മേഖലയിലെ പദ്ധതിയിൽ ഉണ്ടായിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവയും ഹാജരാക്കിയിട്ടില്ല. വിദ്യാഭ്യസ മേഖലയിൽ നടക്കുന്ന പ്രവർത്തനങ്ങൾ പരിശോധിച്ച് വിലയിരുത്താതെ തുക നൽകാനുണ്ടായ സാഹചര്യം വിശദീകരിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.04/24/11.11.24) മറുപടി നൽകിയിട്ടില്ല. ഈ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങളിൽ ഗ്രാമ പഞ്ചായത്തിന്റെ പങ്കാളിത്തം ഉറപ്പുവരുത്തുന്നതാനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-13 എസ്.സി, എസ്.ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വിതരണം - വാങ്ങൽ നടപടികളിലെ വീഴ്ച മൂലം അധിക തുക നൽകി

എസ്.സി, എസ്.ടി. വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് ലാപ്ടോപ് നൽകുന്നതിന് നടപ്പാക്കിയ രണ്ട് പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) എസ്.സി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

നിർവ്വഹണം	ഹെഡ് മാസ്റ്റർ

പ്രൊജക്ട് നം.	80/24
അടങ്കൽ	125000
ഫണ്ട്	വികസനഫണ്ട്(SCP)
ചെലവ്	100000
ബിൽ നം.തി	70/24/23.03.24

2) എസ്.ടി. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്

നിർവ്വഹണം	ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം.	80/24
അടങ്കൽ	125000
ഫണ്ട്	വികസനഫണ്ട്(SCP)
ചെലവ്	100000
ബിൽ നം.തി	71/24/23.03.2

എസ്.സി, എസ്.ടി വിദ്യാർത്ഥികൾക്ക് ലാപ്ടോപ് വാങ്ങുന്നതിന് പദ്ധതി വർഷം രണ്ട് പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇതിൽ എസ്.സി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വാങ്ങിയത് GEM മുഖേന കടവിൽ ഇൻഫോടെക്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇതിന്റെ വില 36855/- രൂപയാണ്. എസ്.ടി വിദ്യാർത്ഥികൾക്കുള്ള ലാപ് ടോപ് വാങ്ങിയത് GEM മുഖേന പെർഫക്ട് സിസ്റ്റം സൊലൂഷൻസ്, കോട്ടയം എന്ന സ്ഥാപനത്തിൽ നിന്നാണ്. ഇതിന്റെ വില 34996/- രൂപയാണ്. രണ്ട് പദ്ധതികളിലെയും ടെണ്ടറുകൾ നടത്തിയിരിക്കുന്നത് വെവ്വേറെയാണ്. ഇതു മൂലം ഗ്രാമ പഞ്ചായത്തിന് നഷ്ടമുണ്ടായിട്ടുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ വാങ്ങലുകളുമായി ബന്ധപ്പെട്ട് പ്രൊക്വയർമെന്റ് മാന്വലിലെ നിർദ്ദേശപ്രകാരം കേന്ദ്രീകൃത വാങ്ങൽ വ്യവസ്ഥകൾ പാലിക്കാത്തതിനാലാണ് ഈ നഷ്ടം ഉണ്ടായിരിക്കുന്നത്. പദ്ധതി വർഷത്തെ പ്രൊക്വയർമെന്റ് കമ്മിറ്റി മിനുട്സ് പരിശോധിച്ചതിൽ ലാപ്ടോപ് വാങ്ങുന്നത് സംബന്ധിച്ച് ചർച്ച നടന്നതായി കാണുന്നില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.05/24/11.11.24) മറുപടി നൽകിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും, പ്രൊക്വയർമെന്റ് കമ്മിറ്റിയുടെ പ്രവർത്തനങ്ങളിലെ പോരായ്മയാണ് ഗ്രാമപഞ്ചായത്തിന് നഷ്ടമുണ്ടാക്കുന്നതിന് കാരണമാകുന്നത് എന്ന് തിരിച്ചറിഞ്ഞ് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ ഫലപ്രദമാക്കാനാവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-14 ഗോത്ര സാരഥി പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ ഹാജരാക്കുന്നതിൽ വീഴ്ച

പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാനുകൂല്യം നൽകുന്നതിന് സ്പിൽ ഓവറായി രണ്ട് ഗോത്ര സാരഥി പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1)

നിർവ്വഹണം	ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം.	148/24 (S.O)
അടങ്കൽ	224201
ഫണ്ട്	വികസന ഫണ്ട് ടി.എസ്.പി
ചെലവ്	195207
ബിൽ നം.തി	55/24/20.07.23

2)

നിർവ്വഹണം	ഹെഡ് മാസ്റ്റർ
പ്രൊജക്ട് നം.	147/24 (S.O)
അടങ്കൽ	50600
ഫണ്ട്	വികസന ഫണ്ട്
ചെലവ്	39600
ബിൽ നം.തി	53/24/20.07.23

ലിജു മാത്യൂസ്.തറപ്പേൽ, രാജൻ.പാലത്തിങ്കൽ, രഗീഷ് കെ.ആർ. എന്നീ ഡ്രൈവർമാർക്കാണ് മേൽ പട്ടികകൾ പ്രകാരമുള്ള തുകകൾ കൈമാറിയത്. പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ ലിസ്റ്റ്, ടെണ്ടർ രേഖകൾ, ഡ്രൈവർമാരുമായുള്ള എഗ്രിമെന്റ്, പട്ടിക വർഗ്ഗ വിദ്യാർത്ഥികൾ സ്കൂളിൽ ഹാജരായത് രേഖപ്പെടുത്തിയ അറ്റൻഡൻസ് രജിസ്റ്ററിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ്, മോണിറ്ററിംഗ് റിപ്പോർട്ട്, പദ്ധതി പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിക്ക് (നം.06/24/11.11.24) മറുപടി നൽകിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ പദ്ധതിക്കായി ചെലവഴിച്ച 234807 (195207+39600) രൂപ തടസ്സത്തിൽ വെയ്ക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

<u>1-15 ശുചിത്വവും സുസ്ഥിരതയും ഉറപ്പാക്കൽ - ഹരിത കർമ്മ സേന - പ്രവർത്തനാവലോകനം</u>

ഓഡിറ്റ് മാനദണ്ഡങ്ങൾ	
I	കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമം
A)	പരിസ്ഥിതി സംരക്ഷണ നിയമം-1986
II	കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച ചട്ടങ്ങൾ
1)	2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടങ്ങൾ
2)	2016 ലെ പ്ലാസ്റ്റിക് മാലിന്യ സംസ്കരണ ചട്ടങ്ങൾ
3)	2016 ലെ ഇ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ
4)	2016 ലെ ഹസാർഡസ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ
5)	2016 ലെ ബയോ മെഡിക്കൽ വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ
6)	2016 ലെ കൺസ്ട്രക്ഷൻ &ഡിമോളിഷ് വേസ്റ്റ് മാനേജ് മെന്റ് ചട്ടങ്ങൾ
III	കേരള പഞ്ചായത്ത് രാജ്, കേരള മുനിസിപ്പാലിറ്റി നിയമങ്ങൾ
എ))	കെ.പ.രാജ് ആക്ട് 1994-അനിവാര്യ ചുമതലകൾ , സെക്ഷൻ 218,219(എ)) മുതൽ (എക്സ്) വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക
ബി)	2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്)
സി)	കെ.മു.ആക്ട് 1994-അനിവാര്യ ചുമതലകൾ സെക്ഷൻ 326, 329, 331, 332, 334, 334എ,ബി,സി, 335, 336 മുതൽ345വരെയുള്ളവ എന്നിവ ശ്രദ്ധിക്കുക
ഡി)	2024-ലെ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ആക്റ്റ് (2023ഡിസംബർ 9-ാം തീയതി പ്രാബല്യത്തിൽ വന്നത്)
IV	സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ഉത്തരവുകൾ/ മാർഗ്ഗനിർദ്ദേശങ്ങൾ
1)	26.5.17ലെ ഹരിതകേരള മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ
2)	15.7.17 ലെ MS 2420/17/ LSGD നമ്പർ ഉത്തരവ് പ്രകാരമുള്ള ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ
3)	12.08.2020ലെ 1496/2020/തസ്വഭവ നമ്പർ പ്രവർത്തനമാർഗ്ഗരേഖ

ആമുഖം

കേരള പഞ്ചായത്ത് രാജ് ആക്ടിലെ മേൽപറഞ്ഞ നിയമങ്ങൾ (III (എ)) കാണുക) മാലിന്യ നിർമ്മാർജ്ജനത്തിൽ പഞ്ചായത്തിന്റെയും സ്ഥാപന പരിധിയിലെ

കെട്ടിടങ്ങളുടെ ഉടമസ്ഥർ, താമസക്കാർ, മറ്റ് മാലിന്യ സ്രഷ്ടാക്കൾ, എന്നിവരുടേയും ഉത്തരവാദിത്വങ്ങൾ വ്യക്തമാക്കുന്നു. ചവറും ഖരാവസ്ഥയിലുള്ള മാലിന്യങ്ങളും നീക്കം ചെയ്യുന്നതിനുള്ള ഏർപ്പാട് ചെയ്യണമെന്നതും വീടുവീടാന്തരമുള്ള ചവറുശേഖരണത്തിന് ഏർപ്പാട് ചെയ്യണമെന്നതും ഖരമാലിന്യങ്ങൾ ആത്യന്തികമായി കൈയ്യൊഴിയുന്നതിന് ആവശ്യമായ സ്ഥലവും സംവിധാനവും ഒരുക്കുകയെന്നതും മാലിന്യവും മറ്റും നീക്കം ചെയ്യുന്നതിന് മൂടിയുള്ള വണ്ടി ഉപയോഗിക്കണമെന്നതും പഞ്ചായത്തിന്റെ ഉത്തരവാദിത്വങ്ങളിൽ പെടുമ്പോൾ മാലിന്യങ്ങൾ ശേഖരിക്കുകയും നിക്ഷേപിക്കുകയും ചെയ്യുന്നതിന് കെട്ടിട ഉടമസ്ഥർക്കും താമസക്കാർക്കും ഉള്ള കർത്തവ്യവും നിയമത്തിൽ വ്യക്തമാക്കപ്പെടുന്നു. കൂടാതെ മാലിന്യം ഉറവിടത്തിൽ തന്നെ കൈകാര്യം ചെയ്യുക, സാധനങ്ങൾ കൊണ്ടു പോകുന്നതിനുള്ള പ്ലാസ്റ്റിക് സഞ്ചികളുടെയും കവറുകളുടെയും ഉപയോഗം നിയന്ത്രിക്കുക, പ്ലാസ്റ്റിക് മാലിന്യങ്ങൾ യുക്തമായ രീതിയിൽ കൈകാര്യം ചെയ്യുക, പരിസരങ്ങളിൽ മാലിന്യം സൂക്ഷിക്കാതിരിക്കുക, മാലിന്യം ബഹിർഗമിപ്പിക്കാതിരിക്കുക, ചവറോ മറ്റ് മാലിന്യങ്ങളോ പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാതിരിക്കുക, മാലിന്യങ്ങൾ ജലാശയങ്ങളിലോ ജലസ്രോതസ്സുകളിലോ നിക്ഷേപിക്കാതിരിക്കുക തുടങ്ങിയ ചുമതലകൾ നിയമപ്രകാരം മാലിന്യ സ്രഷ്ടാക്കളുടെ ചുമതലയിൽപ്പെടുന്നു.

<u>ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട ചുമതലകൾ</u>

നിയമത്തിലെ മേൽ വ്യവസ്ഥകൾക്ക് അനുപൂരകമായ നിർദ്ദേശങ്ങൾ തന്നെയാണ് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച മേൽ ചട്ടങ്ങളിലും പ്രതിപാദിക്കുന്നത്. ഈ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നതനുസരിച്ച് കേരള സർക്കാർ ഇക്കാര്യത്തിലുള്ള സംസ്ഥാനത്തിന്റെ പോളിസിയും സ്ട്രാറ്റജിയും ഹരിതകേരള മിഷനിലൂടെ പുറപ്പെടുവിച്ചിട്ടുണ്ട്. ചട്ടങ്ങളും ഹരിതകേരള മിഷൻ മാർഗ്ഗരേഖകളും പരിഗണിക്കുമ്പോൾ താഴെ പറയുന്ന നടപടികൾ മാലിന്യ നിർമ്മാർജ്ജനത്തിന്റെ കാര്യത്തിൽ പഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

1) 2016 ലെ ഖരമാലിന്യ സംസ്കരണ ചട്ടത്തിൻ കീഴിൽ സംസ്ഥാന സർക്കാരുണ്ടാക്കുന്ന പോളിസിക്കും സ്ട്രാറ്റജിക്കും അനുസൃതമായി മേൽ പോളിസി വിജ്ഞാപനം ചെയ്ത് 6 മാസത്തിനുള്ളിൽ ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ തയ്യാറാക്കേണ്ടതും അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിക്കുന്ന ഏജൻസിക്കോ നല്കേണ്ടതുമാണ്. ഈ പ്ലാൻ തയ്യാറാക്കേണ്ടത് ഹരിതകേരള മിഷന്റെ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ പാലിച്ചായിരിക്കേണ്ടതാണ്.

2) മേൽ ചട്ടം നിലവിൽ വന്ന് ഒരു വർഷത്തിനകം മേൽ ചട്ടത്തിലെയും പ്ലാസ്റ്റിക് ഖരമാലിന്യ സംസ്കരണ ചട്ടത്തിലെയും വ്യവസ്ഥകൾ ഉൾപ്പെടുത്തി ബൈലോ തയ്യാറാക്കി ആയതിന്റെ സമയബന്ധിതമായ നിർവ്വഹണം ഉറപ്പുവരുത്തേണ്ടതാണ്. ഈ ചട്ടത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കെതിരെയുള്ള സ്പോട്ട് ഫൈൻ നിശ്ചയിച്ചും 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിരോധിച്ചും ഈ നിയമത്തിലെ വ്യവസ്ഥകൾക്കനുസൃതമല്ലാതെ നിർമ്മിക്കപ്പെടുന്ന പ്ലാസ്റ്റിക് നിരോധിച്ചു കൊണ്ടും ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്നവർക്കുള്ള പിഴ നിശ്ചയിച്ചുകൊണ്ടുമുള്ള വ്യവസ്ഥകൾ ബൈലോയുടെ ഭാഗമാകേണ്ടതാണ്. പ്ലാസ്റ്റിക് ക്യാരി ബാഗിൽ സാധനങ്ങൾ നല്കാനാഗ്രഹിക്കുന്ന കച്ചവടക്കാർ ഇക്കാര്യത്തിൽ പ്രതിമാസം 4000/-രൂപ ഒടുക്കി തദ്ദേശഭരണ സ്ഥാപനത്തിൽ നിന്നും ലൈസൻസ് എടുക്കണമെന്നും പണം വാങ്ങി മാത്രമേ ഇപ്രകാരം ബാഗ് ആവശ്യക്കാർക്ക് നല്കാവൂയെന്നും ഇതിൽ വ്യവസ്ഥ ചെയ്യേണ്ടതാണ് .

3) ജൈവമാലിന്യങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യ സംസ്കരണം ലക്ഷ്യം വയ്ക്കേണ്ടതും പരാമാവധി വീടുകളിലും സ്ഥാപനങ്ങളിലും ഉറവിടമാലിന്യ സംവിധാനങ്ങൾ ഒരുക്കുവാനുള്ള പ്രവർത്തനങ്ങൾ വീടുവീടാന്തരം സന്ദർശിച്ച്

നടത്തേണ്ടതുമാണ്. ഇത്തരം സംവിധാനങ്ങൾ സ്വന്തം നിലയ്ക്ക് ഒരുക്കാൻ സ്ഥലപരിമിതിയുള്ളവർക്കും തെരുവു ശുചീകരണത്തിന്റെ ഭാഗമായുണ്ടാകുന്ന ജൈവമാലിന്യങ്ങൾക്കും വേണ്ടി പൊതുസംവിധാനങ്ങൾ ഒരുക്കേണ്ടതാണ്.

4) ഉപയോഗം കുറക്കുക, ഉല്പാദനം കുറക്കുന്നതിലേക്കായി പുനരുപയോഗം വർദ്ധിപ്പിക്കുക, പുന:ചംക്രമണം പ്രോത്സാഹിപ്പിക്കുക എന്നതായിരിക്കണം അജൈവ മാലിന്യത്തോടുള്ള സമീപനം. അജൈവമാലിന്യങ്ങൾ വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും ഇക്കാര്യത്തിനായി നോട്ടിഫൈ ചെയ്ത നിശ്ചിത ഫീസ് ഈടാക്കി നിശ്ചിത ഇടവേളകളിൽ ശേഖരിക്കുക, ഇവ ഇതിനായി തയ്യാറാക്കുന്ന മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി (MRF) സെന്ററിൽ ശേഖരിച്ച് രണ്ടാംഘട്ട തരം തിരിവ് നടത്തി (ഒന്നാം ഘട്ടം ഉറവിടത്തിൽ തന്നെ നടക്കുന്നു) റീ സൈക്ലിംഗ് വ്യവസായത്തിന് നല്കുക, റീ സൈക്ലിംഗിന് വിധേയമാക്കാനാവാത്തവ കഴുകുന്നതിനും ഷ്രഡ്ഡിംഗിന് വിധേയമാക്കുന്നതിനും യന്ത്രവൽകൃത MRF സെന്ററുകൾ സ്ഥാപിക്കുക, ഷ്രഡ്ഡിംഗിന് വിധേയമായവ റോഡ് പ്രവൃത്തികൾക്ക് ഉപയോഗപ്പെടുത്തുക എന്നതായിരിക്കണം പ്രവർത്തനരീതി. മേൽ പ്രവർത്തനങ്ങളുടെ മുൻപിൻ ബന്ധം ഉറപ്പുവരുത്തുന്നതിനായി ഖരമാലിന്യങ്ങൾ അനൗപചാരികമായി ശേഖരിക്കുകയും വ്യാപാരം നടത്തുകയും ചെയ്യുന്ന സ്ക്രാപ് ഡീലർമാരെ മേൽ സംവിധാനവുമായി ബന്ധിപ്പിക്കേണ്ടതും അജൈവമാലിന്യങ്ങളുടെ പുനരുപയോഗം ഉറപ്പുവരുത്താൻ സ്വാപ് ഷോപ്പുകൾ, (ചിലർക്ക് കൈയ്യൊഴിയേണ്ടതും മറ്റ് ചിലർക്ക് ആവശ്യം വരുന്നതുമായ വസ്തുക്കൾ കൊടുക്കുന്നതിനും വാങ്ങുന്നതിനും ഉള്ള സംവിധാനം) ഇതോടനുബന്ധിച്ച് റിപ്പയർ ഷോപ്പുകൾ എന്നിവ സ്ഥാപിക്കേണ്ടതുമാണ്.

5) അജൈവമാലിന്യങ്ങളുടെ അളവ് കുറക്കുന്നതിനായി ഓഫീസുകളിലും പൊതുസ്ഥലങ്ങളിലും ഹരിതമാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ (10 നിർദ്ദേശങ്ങൾ) പാലിക്കേണ്ടതാണ് .

6) ക്രമ നം 3,4 എന്നിവയിൽ പ്രതിപാദിച്ച കാര്യങ്ങൾക്കായി നിർദ്ദേശിക്കപ്പെട്ട രീതിയിൽ ഹരിതകർമ്മ സേന രൂപീകരിക്കേണ്ടതാണ്. വീടുവീടാന്തരം സന്ദർശിച്ച് ബോധവത്കരണം നടത്തുക, നിലവിലെ മാലിന്യത്തിന്റെ തോത് കണ്ടെത്തി ആസൂത്രണത്തിനായി ഉപയോഗപ്പെടുത്തുക, നിലവിലെ സംസ്കരണ രീതി പരിശോധിക്കുക, ഉപയോഗപ്പെടുത്താവുന്ന സംവിധാനങ്ങൾ പരിചയപ്പെടുത്തുക എന്നിവ ഇവരുടെ പ്രാഥമിക കർത്തവ്യങ്ങളും അജൈവമാലിന്യങ്ങളുടെ ശേഖരണം, ഗുണഭോക്താക്കൾക്ക് ആവശ്യമായ സാങ്കേതിക സഹായം നല്കുക, മോണിറ്ററിംഗ് നടത്തുക എന്നിവ തുടർ പ്രവർത്തനങ്ങളുമാകുന്നു. ബോധവൽക്കരണം സർവ്വേ എന്നിവയ്ക്കായി വ്യാപകമായ പ്രചരണം നല്കേണ്ടതുണ്ട്.

7) ഹരിതകർമ്മസേനയ്ക്ക് സാങ്കേതികസഹായം ലഭ്യമാക്കുന്നതിന് ഒരു ഹരിതസഹായ സ്ഥാപനത്തിന്റെ സേവനം സ്ഥാപനം ലഭ്യമാക്കേണ്ടതാണ്. പ്രൊഫഷണലായി മാലിന്യപ്രശ്നം കൈകാര്യം ചെയ്തു പരിചയമുള്ള ഇവരുടെ മേൽനോട്ടത്തിലാണ് ഹരിതകർമ്മസേന സർവ്വേ നടത്തേണ്ടതും തങ്ങളുടെ പ്രവർത്തനങ്ങൾ നടത്തേണ്ടതും. മേൽ സർവ്വേ റിപ്പോർട്ട് അടിസ്ഥാനപ്പെടുത്തി സ്ഥാപനത്തിന്റെ മാലിന്യ സംസ്കരണത്തിനുള്ള വിശദമായ ഡി.പി.ആർ ഇവർ തയ്യാറാക്കേണ്ടതുണ്ട്. കർമ്മസേനാംഗങ്ങൾക്ക് ആവശ്യമായ പരിശീലനം നല്കുക, അവരുടെ പ്രവർത്തനം മോണിറ്റർ ചെയ്ത് പോരായ്മകൾ ഉണ്ടെങ്കിൽ പരിഹരിക്കുക, ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുക എന്നിവ ഉത്തരവാദിത്വങ്ങളിൽ പെടുന്നു.

8) നിക്ഷേപകത്വം (സംസ്കരണത്തിനുള്ള അടിസ്ഥാനസൗകര്യമൊരുക്കുന്നതിന്), പ്രേരണ ചെലുത്തൽ (സംസ്കരണപ്രവർത്തനങ്ങൾ കാര്യക്ഷമമാകുന്നതിന്), പദ്ധതി ആവിഷ്കാര നിർവ്വഹണം, സാങ്കേതിക വിദ്യ ലഭ്യമാക്കൽ, നിയമങ്ങൾ നടപ്പാക്കൽ,

നിരീക്ഷണം എന്നീ 6 ഘടകങ്ങൾ അടങ്ങിയതാണ് സ്ഥാപനത്തിന്റെ ഉത്തരവാദിത്വം. ഹരിത കർമ്മസേനയുടെയും സഹായ സ്ഥാപനത്തിന്റെയും പ്രവർത്തനങ്ങൾക്ക് ആവശ്യമെങ്കിൽ വയബിലിറ്റി ഗ്യാപ് ഫണ്ട് നല്കേണ്ടതുമാണ്. കൂടാതെ സ്ഥാപന പരിധിയിലെ എല്ലാ പരിപാടികളിലും ഗ്രീൻ പ്രോട്ടോകോൾ നടപ്പിലാക്കുക എന്നതും ചുമതലയിൽപ്പെടുന്നു.

9) തദ്ദേശസ്ഥാപനതലത്തിൽ ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർ പേഴ്സണായി സാങ്കേതിക സമിതി രൂപീകരിക്കണം. മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളുടെ സ്ഥാപനതലത്തിലുള്ള എല്ലാ മേൽനോട്ടവും സമിതിയിൽ നിക്ഷിപ്തമാണ്.

10) സ്ഥാപനത്തെ നിശ്ചിത സമയത്തിനുള്ളിൽ (ഡി പി ആറിൽ സൂചിപ്പിക്കുന്ന കാലയളവിനുള്ളിൽ) സീറോ വേസ്റ്റ് എന്ന സ്ഥിതിവിശേഷത്തിൽ എത്തിക്കുക.

മേൽ മാനദണ്ഡങ്ങൾ അടിസ്ഥാനപ്പെടുത്തി ഗ്രാമപഞ്ചായത്തിലെ നാളിതുവരെയുള്ള പ്രവർത്തനവും നിലവിലെ സ്ഥിതിവിശേഷവും ഓഡിറ്റിൽ വിലയിരുത്തിയിട്ടുണ്ട്. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

<u>നിലവിലെ അവസ്ഥ</u>

27.01.2024 ന് നരിപ്പറ്റ ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ മാലിന്യ മുക്തഗ്രാമമായി പ്രഖ്യാപിച്ചിട്ടുണ്ട്. മാലിന്യ കൂമ്പാരങ്ങൾ ഇല്ലാതിരിക്കുക, മാലിന്യം വലിച്ചെറിയപ്പെടുന്ന സ്ഥിതിവിശേഷം ഇല്ലാതിരിക്കുക, എല്ലാ വീടുകളും മറ്റ് സ്ഥാപനങ്ങളും അജൈവമാലിന്യങ്ങൾ പ്രതിമാസം ഫീസ് നല്കി ഹരിതകർമ്മസേനയ്ക്ക് കൈമാറുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുക, ജലാശയങ്ങൾ മാലിന്യ മുക്തമാക്കുക, ഉറവിട മാലിന്യസംസ്കരണം സാധ്യമാക്കുക തുടങ്ങിയ ഘടകങ്ങൾ അടിസ്ഥാനപ്പെടുത്തിയാണ് പഞ്ചായത്തുകൾ മാലിന്യമുക്തമെന്ന് പ്രഖ്യാപിക്കപ്പെടുന്നത്. മേല്പറഞ്ഞ നിയമങ്ങളും ചട്ടങ്ങളും നടപ്പിലാക്കുന്നതിൽ സ്ഥാപനം വളരെ മുന്നോട്ടു പോയെന്ന് ഈ പ്രഖ്യാപനം സാക്ഷ്യപ്പെടുത്തുന്നു. എങ്കിലും ഈ നിയമങ്ങൾ പ്രകാരം ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട കാര്യങ്ങളിൽ എത്രത്തോളം മുന്നോട്ട് പോയെന്ന് ഓഡിറ്റ് പരിശോധിക്കുകയുണ്ടായി. ഇതിന്റെ വിശദാംശം താഴെ കൊടുക്കുന്നു.

<u>ഹരിത കർമ്മസേനയുടെ പ്രവർത്തനം</u>

ഗ്രാമപഞ്ചായത്ത് നിർവ്വഹിക്കേണ്ട ചുമതലകൾ എന്നിവ ഖണ്ഡികയിലെ ക്രമ നം.4 ൽ പ്രതിപാദിച്ച പ്രകാരമുള്ള ഹരിത കർമ്മ സേന 2018 ൽ തന്നെ സ്ഥാപനത്തിൽ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ മാത്രമാണ് ഇത് കാര്യക്ഷമമായി പ്രവർത്തിക്കാൻ തുടങ്ങിയിട്ടുള്ളത്. ആകെ 34 അംഗങ്ങൾ ഉള്ള സേന നിലവിൽ പ്രതിമാസം ഭൂരിഭാഗം വീടുകളും മറ്റ് സ്ഥാപനങ്ങളും സന്ദർശിച്ച് അജൈവമാലിന്യങ്ങൾ ശേഖരിക്കുന്നുണ്ട് എന്ന് നിർവ്വഹണ ഉദ്യോഗസ്ഥ വ്യക്തമാക്കിയിട്ടുണ്ട്. താഴെ കൊടുത്ത വിശദാംശം ഈ ഒരു വർഷത്തെ വളർച്ചയുടെ തോത് വ്യക്തമാക്കുന്നു.

ഹരിത കർമ്മസേന പിരിച്ചെടുത്ത ഫീസ് വിവരങ്ങൾ :

വർഷം	ആകെ പിരിച്ചെടുത്ത തുക
2021-22	752425
2022-23	525650
2023-24	2938550

2023-24 വർഷം യൂസർ ഫീ വരവ് ഗണ്യമായി വർധിച്ചിട്ടുണ്ട്. ഇത് ഹരിത കർമ്മ സേനയുടെ പ്രവർത്തനത്തിലുണ്ടായ പുരോഗതിയെ സൂചിപ്പിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ Q.R കോഡ് പതിച്ചതുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ചുവടെ

ചേർക്കുന്നു.

ആകെ കെട്ടിടങ്ങൾ				
നിലവിലുള്ള ഡിമാന്റ് പ്രകാരം	QRകോഡ് പതിച്ചവ	സബ്സ്ക്രൈബ് ചെയ്തവ	നിലവിൽ പിരിക്കുന്നവ	
			വീടുകൾ	മറ്റ് കെട്ടിടങ്ങൾ
9801	7590	6911	6440	242

പുതിയ കെട്ടിടങ്ങൾ നിലവിൽ വരുമ്പോൾ അവയ്ക്ക് സമയബന്ധിതമായി QR കോഡ് പതിച്ച് അവയെ മാലിന്യ ശേഖരണ പരിപാടിയിൽ ഉൾപ്പെടുത്തുന്നില്ലെന്ന് കണക്കുകൾ കാണിക്കുന്നു. കൂടാതെ QR കോഡ് പതിച്ച കെട്ടിടങ്ങൾ മുഴുവൻ സബ്സ്ക്രൈബ് ചെയ്യപ്പെടാത്തതും സബ്സ്ക്രൈബ് ചെയ്തവയിൽ നിന്നും പൂർണ്ണമായും പ്രതിമാസം ഫീസ് പിരിക്കാത്തതും ശ്രദ്ധേയമാണ്. നിലവിൽ പിരിക്കുന്ന കെട്ടിടങ്ങളുടെ എണ്ണം മാസങ്ങളായി ഒരേ സംഖ്യയാണെന്നതും കെട്ടിടങ്ങളുടെ പ്രതിമാസ വർദ്ധനയ്ക്ക് അനുസൃതമായി വർദ്ധിക്കുന്നില്ലെന്നതും നൂറുശതമാനമെന്ന ലക്ഷ്യം ഹരിത കർമ്മസേന കൈവരിച്ചിട്ടില്ലെന്നതിന് തെളിവായി ഓഡിറ്റ് വിലയിരുത്തുന്നു. പ്രവർത്തനം കാര്യക്ഷമമാണെന്ന് അംഗീകരിക്കുന്നതിനൊപ്പം കൂടുതൽ മെച്ചപ്പെടാൻ പരിശ്രമിക്കേണ്ടതുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു.

<u>റിജക്ട് മാലിന്യത്തിന്റെ ശേഖരണവും കൈയ്യൊഴിയലും</u>

പ്രതിമാസ ഫീസ് പിരിക്കുന്നതിനൊപ്പം വേർതിരിച്ച, പുനരുപയോഗ സാധ്യമായ മാലിന്യങ്ങൾ സേന സ്വീകരിക്കുന്നുണ്ട്. എന്നാൽ വീടുകളിലും സ്ഥാപനങ്ങളിലും ഉണ്ടാകുന്ന റിജക്ട് മാലിന്യങ്ങൾ ശേഖരിക്കുന്നതിന് കൃത്യമായ പ്ലാൻ ഇല്ല എന്നു കാണുന്നു. 7-09-2020-ലെ ഡി.സി1/282/2020/ത.സ.ഭ.വനം.സർക്കുലർ പ്രകാരം അജൈവ പാഴ് വസ്തുക്കളുടെ ശേഖരണം സംബന്ധിച്ച കലണ്ടർ സർക്കാർ പുറപ്പെടുവിച്ചിരുന്നു. കൂടാതെ സ.ഉ(സാധാ) നം.628/2023/LSGD തീയതി- 16-03-2023 പ്രകാരം ഇത് പുതുക്കി നല്കുകയും ചെയ്തു. മേൽ നിർദ്ദേശങ്ങൾ ഉണ്ടായിരുന്നിട്ടും നാളിതുവരെയായി സ്ഥാപനത്തിൽ ഇക്കാര്യത്തിൽ പ്ലാൻ ഇല്ല എന്നത് വീഴ്ചയാണ്. അജൈവ പാഴ് വസ്തുകൾ ശേഖരിക്കുകയും , ഇതിനായി പ്രത്യേക ഫീസ് ഈടാക്കുകയും ചെയ്തുവരുന്നുണ്ട്.

<u>ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക ഇടപെടലുകൾ</u>

2019-20 മുതൽ 2023-24 വരെയുള്ള വർഷങ്ങളിൽ ഈ മേഖലയിൽ താഴെ കൊടുത്ത വിധം ഗ്രാമപഞ്ചായത്ത് തുക വിനിയോഗിച്ചിട്ടുണ്ട്.

വർഷം	ആകെ വിനിയോഗിച്ച തുക
2020-21	209916
2021-22	1310632
2022-23	NIL
2023-24	344803

MCF സ്ഥാപിക്കൽ, MCF ൽ അടിസ്ഥാന സൗകര്യമൊരുക്കൽ, മിനി MCF സ്ഥാപിക്കൽ, ഹരിതസഹായ സംഘത്തിന് തുക നൽകൽ, ഹരിത സേനയ്ക്ക് VGF നൽകൽ, ഹരിത സേനയ്ക്ക് ഉപകരണങ്ങൾ വാങ്ങലും വാഹന വാടക നല്കലും, യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ, അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ക്ലീൻ കേരള, കോനാരി എന്നീ കമ്പനികൾക്ക് തുക നൽകൽ, സ്മാർട്ട് ഗാർബേജ് പദ്ധതി നടപ്പിലാക്കൽ, റിംഗ് കമ്പോസ്റ്റ് വിതരണം ചെയ്യൽ, തുടങ്ങിയ ഇനങ്ങളിലാണ് ഈ വർഷങ്ങളിൽ തുക ചെലവഴിച്ചിരിക്കുന്നത്. മേല്പറഞ്ഞ ഇടപെടലുകളിൽ അപാകത നിലനില്ക്കുന്ന പ്രധാന മേഖലകൾ താഴെ കൊടുക്കുന്നു.

1) <u>MCFലെ അടിസ്ഥാന സൗകര്യം</u> - ഗ്രാമ പഞ്ചായത്തിലെ ആറാം വാർഡിൽ

താവുള്ളകൊല്ലി എന്ന സ്ഥലത്ത് 93.79m2 വിസ്തൃതിയിലുള്ള MCF കെട്ടിടം ഒരുക്കിയിട്ടുണ്ട്. MCF ലേക്ക് വെയിംഗ് മെഷീൻ വാങ്ങി നൽകിയിട്ടുണ്ട്. ബെയിലിംഗ് മെഷീൻ വാങ്ങിയിട്ടില്ല . MCF കെട്ടിടത്തിന് കറന്റ് കണക്ഷൻ ലഭിച്ചിട്ടില്ല. വീടുകളിൽ നിന്നും മറ്റ് സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന മാലിന്യങ്ങൾ ഇവിടെ ശേഖരിച്ച് വേർതിരിക്കാൻ MCF ഉപയോഗപ്പെടുത്തുന്നുണ്ട്. സേനാംഗങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾ എം.സി.എഫിൽ ഒരുക്കിയിട്ടുണ്ട്.

2) <u>യൂസർഫീസ് ഇളവ് ഇനത്തിൽ സേനയ്ക്ക് വിഹിതം നല്കൽ</u> - അതിദരിദ്രർ, അഗതി ആശ്രയ പദ്ധതിയിൽപ്പെട്ടവർ എന്നീ വിഭാഗങ്ങളിലായി ആകെ 123 കുടുംബങ്ങൾ പഞ്ചായത്തിലുണ്ട്. ഇവരുടെ വീടുകളിൽ നിന്നും മാലിന്യം പ്രതിമാസം ശേഖരിക്കുന്നുണ്ടെങ്കിലും ഇതിന്റെ ഫീസ് സർക്കാർ നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്താണ് നല്കേണ്ടത്. പ്രതിമാസം 50/-രൂപ നിരക്കിൽ 73800/-രൂപ പ്രതിവർഷം (123X50X12) സേനയ്ക്ക് ഗ്രാമപഞ്ചായത്ത് നല്കേണ്ടതാണ്. എന്നാൽ ഇതുവരെ ഈ തുക നൽകുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിച്ചിട്ടില്ല.

3) <u>ഉറവിട മാലിന്യ സംസ്കരണം</u> – വി.ഇ.ഒ ലഭ്യമാക്കിയ കണക്കുകൾ പ്രകാരം ജൈവമാലിന്യ സംസ്കരണത്തിനായി താഴെ കൊടുത്ത പ്രകാരം റിംഗ് കമ്പോസ്റ്റ് യൂണിറ്റുകൾ വീടുകളിൽ സ്ഥാപനം വിതരണം ചെയ്തിട്ടുണ്ട്.

വർഷം	യൂണിറ്റുകളുടെ എണ്ണം
2020-21	870
2023-24	696
ആകെ	1566

നിലവിൽ 6440വീടുകളിൽ നിന്നും അജൈവ പാഴ് വസ്തുക്കൾ ശേഖരിക്കേണ്ടതുണ്ട്. 4874 വീടുകൾക്ക് കമ്പോസ്റ്റ് യൂണിറ്റുകൾ വിതരണം ചെയ്യാൻ ബാക്കിയുണ്ടെന്ന് കാണാം. മറ്റ് കെട്ടിടങ്ങളുടെ കാര്യത്തിൽ ഉറവിട മാലിന്യസംസ്കരണം ആവശ്യമായ ഇടങ്ങളിൽ എത്രത്തോളം ഇവ സ്ഥാപിക്കപ്പെട്ടെന്ന് വ്യക്തമല്ല.

4) <u>അജൈവമാലിന്യം(റിജക്ട്) കയറ്റി അയച്ച ഇനത്തിലെ ചെലവ്</u> - അജൈവമാലിന്യം കയറ്റി അയച്ച ഇനത്തിൽ ക്ലീൻ കേരള കമ്പനിക്ക് പ്രോജക്ട് തയ്യാറാക്കി തുക നൽകിയിട്ടുണ്ട്. പൊതുശുചീകരണത്തിന്റെ ഭാഗമായി ലഭിച്ച റിജക്ട് മാലിന്യം കൈയ്യൊഴിഞ്ഞ ഇനത്തിലാണ് ഈ ചെലവെന്ന് ഓഡിറ്റിൽ വിശദീകരിച്ചിട്ടുണ്ടെങ്കിലും പ്രത്യേക ഫീസ് ഈടാക്കാതെ വീടുകളിൽ/സ്ഥാപനങ്ങളിൽ നിന്നും ശേഖരിച്ച റിജക്ട് മാലിന്യങ്ങളും ഇതിൽ ഉൾപ്പെട്ടതായി സംശയിക്കേണ്ടിയിരിക്കുന്നു. വീടുകളിൽ/ സ്ഥാപനങ്ങളിൽ നിന്നും ശേഖരിക്കുന്ന റിജക്റ്റ് മാലിന്യങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കി അതിൽ നിന്നും അവ കയറ്റി അയക്കുന്നതിനുള്ള ചെലവു വഹിക്കുക എന്ന സമീപനം ഗ്രാമപഞ്ചായത്ത് സ്വീകരിക്കേണ്ടതുണ്ട്.

5) <u>മറ്റ് പോരായ്മകൾ</u>

എ)) ക്രമ നം.1 ൽ പ്രതിപാദിച്ച ഒരു ഖരമാലിന്യ മാനേജ്മെന്റ് പ്ലാൻ നാളിതുവരെ സ്ഥാപനം തയ്യാറാക്കുകയോ അതിന്റെ പകർപ്പ് സർക്കാരിനോ സർക്കാർ നിശ്ചയിച്ച ഏജൻസിക്കോ നല്കുകയോ ചെയ്തിട്ടില്ലെന്ന് നിർവ്വഹണ ഉദ്യോഗസ്ഥയായ വി.ഇ.ഒ. വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിൽ ഒരു പ്ലാൻ തയ്യാറാക്കിയില്ലെങ്കിലും സമ്പൂർണ്ണ മാലിന്യ മുക്ത പദവി സ്ഥാപനത്തിന് ലഭിച്ചത് പ്രശംസനീയമാണ്. എന്നാൽ ഇനിയും സ്ഥാപനം മുന്നേറേണ്ടതുണ്ടെന്ന് മേല്പറഞ്ഞ കാര്യങ്ങളിൽ നിന്നും വ്യക്തമാകുന്നു.

ബി) ക്രമനം.2 ൽ പ്രതിപാദിച്ച ബൈലോയിൽ പ്രതിമാസ ഫീസ് മാത്രമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. കലണ്ടറനുസരിച്ച് ശേഖരിക്കുന്ന റിജക്ട് മാലിന്യത്തിന്റെ നിരക്ക് കൂടി ഇതിൽ ഉൾപ്പെടുത്തേണ്ടതായിരുന്നു. കൂടാതെ 100 ൽ കൂടുതൽ പേർ പങ്കെടുക്കുന്ന പരിപാടികൾക്ക് 250/-രൂപ ഫീസ് ഈടാക്കി അനുമതി വാങ്ങണമെന്ന്

ബൈലോയിൽ നിഷ്കർഷിച്ചിരിക്കെ ഇത്തരത്തിൽ ഒരു വരുമാനം സ്ഥാപനത്തിലില്ല.

സി) ഹരിതകർമ്മസേനയ്ക്കൊപ്പം മറ്റ് നാല് ഗ്രൂപ്പുകൂടി രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ ഒരു ഗ്രൂപ്പ് തൊഴിലുറപ്പ് സൈറ്റ് ബോർഡ് നിർമ്മിക്കുന്നുണ്ട്. മറ്റ് ഗ്രൂപ്പുകൾ വരുമാനദായക പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നില്ല. സേനാംഗങ്ങളെ ഉൾപ്പെടുത്തി ഒരു കൺസോർഷ്യം രൂപീകരിക്കപ്പെട്ടിട്ടുണ്ട്. ശുചിത്വ മേഖലയുടെ സുഗമമായ പ്രവർത്തനത്തിന് ഇതുമായി ബന്ധമുള്ള മേഖലകളിൽ (ഉദാ- സെഗ്രഗേഷൻ, സ്വാപ്പ് ഷോപ്പുകൾ) യൂണിറ്റുകൾ പ്രവർത്തനസജ്ജമാക്കേണ്ടതുണ്ട്.

<u>നിർദ്ദേശങ്ങൾ</u>

സ്ഥാപനത്തിലെ അജൈവമാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നിലവിലെ വിടവുകൾ നികത്തി പരിപൂർണ്ണതയിലെത്തിക്കുക, ആസൂത്രണ, സബ്സിഡി മാർഗ്ഗരേഖകളിൽ പ്രതിപാദിച്ച കാര്യങ്ങൾക്കല്ലാതെ വരുന്ന ചെലവുകൾ ഹരിതകർമ്മസേനയുടെ വരുമാനം വർദ്ധിപ്പിച്ച് അതിൽ നിന്നുതന്നെ വഹിച്ച് (ഉദാ- റിജക്ട് മാലിന്യം കൈയ്യൊഴിയുന്നതിനുള്ള ചെലവ്) സ്ഥാപനത്തിന്റെ സാമ്പത്തികബാധ്യത ഒഴിവാക്കുക എന്നിവയായിരിക്കണം കാഴ്ചപ്പാട്. ചെലവുകൾ വഹിക്കുന്നതിന് സർക്കാർ നിർദ്ദേശപ്രകാരം രൂപീകരിക്കപ്പെട്ട, ഈ മേഖലയിലെ ഫീസുകളും ഫൈനുകളും ഉൾക്കൊള്ളിച്ച് രൂപീകരിച്ച ശുചിത്വ ഫണ്ടും ആവശ്യമെങ്കിൽ ഉപയോഗപ്പെടുത്താവുന്നതാണ്. മാനദണ്ഡങ്ങളിൽ പ്രതിപാദിച്ച 2024-ലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ആക്റ്റിലെ വകുപ്പ് എ ഡി (1) ൽ മാലിന്യം വേർതിരിക്കൽ, ശേഖരണം, ഗതാഗതം, സംഭരണം, സംസ്കരണം, അതിന്റെ കൈയൊഴിയൽ എന്നിവയുമായി ബന്ധപ്പെട്ട സേവനങ്ങൾ നല്കുന്നതിന്റെ പൂർണ്ണമോ ഭാഗികമോ ആയ ചെലവു വഹിക്കുന്നതിന് ഓരോ മാലിന്യ ഉൽപാദകനും നല്കേണ്ട യൂസർഫീസ് നിശ്ചയിക്കേണ്ടതും ശേഖരിക്കേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നുണ്ട്. സ്ഥാപനത്തിന്റെ സാമ്പത്തിക താല്പര്യം മുൻനിർത്തി ഇത്തരത്തിൽ വരുന്ന പൂർണ്ണമായ ചെലവ് മാലിന്യ ഉൽപാദകനിൽ നിന്നു തന്നെ ഈടാക്കുന്നതായിരിക്കും ഉചിതമെന്ന് അഭിപ്രായപ്പെടുന്നു. നിലവിലുള്ള ബൈലോയിൽ പ്രതിമാസം 50/100 രൂപ നിരക്കിൽ ഈടാക്കുന്ന ഫീസ് മാത്രമാണ് പ്രതിപാദിച്ചത് എന്നതിനാൽ, പുതിയ ഭേദഗതിയുടെ അടിസ്ഥാനത്തിൽ, റിജക്ട് മാലിന്യശേഖരണത്തിനു കൂടി യൂസർ ഫീസ് ഉൾപ്പെടുത്തി പരിഷ്കരിച്ച ബൈലോ പുനർ നോട്ടിഫൈ ചെയ്യാവുന്നതാണ്.

ഓഡിറ്റ് നിർദ്ദേശങ്ങൾ പാലിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>1-16 എ.ബി.സി പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ</u>

എ.ബി.സി പദ്ധതി നടത്തിപ്പിനായി ജില്ല പഞ്ചായത്തിന് വിഹിതം കൈമാറിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

നിർവ്വഹണം	സെക്രട്ടറി
പ്രൊജക്ട് നം	08/24
അടങ്കൽ	200000
ചെലവ്	100000
ബിൽനം.തി	147/24.03.24

കോഴിക്കോട് ജില്ലാ പഞ്ചായത്തിന്റെ ആനിമൽ ബർത്ത് കൺട്രോൾ എന്ന സംയുക്ത പദ്ധതിക്ക് നരിപ്പറ്റ ഗ്രാമ പഞ്ചായത്ത് പഞ്ചായത്ത് വിഹിതം കൈമാറിയിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് പരിധിക്കുള്ളിലെ തെരുവുനായകളെ വന്ധ്യംകരിക്കുന്നതിൽ പദ്ധതി വിജയകരമായിട്ടില്ല. കേരള പഞ്ചായത്ത് രാജ് നിയമം 1994, മൂന്നാം പട്ടികയിൽ അനിവാര്യ ചുമതലയായി പറഞ്ഞിട്ടുള്ള വിഷയമാണ് തെരുവുനായ നിർമാർജനം. ഇതിനായി സർക്കാർ നിർദ്ദേശ പ്രകാരമുള്ള പ്രവർത്തനങ്ങൾ പഞ്ചായത്ത്

നടപ്പിലാക്കിയിട്ടില്ല. തെരുവുനായ നിർമാർജനം സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) സ.ഉ(സാധാ)നം.2065/2022/LSGD തി.23-08-2022പ്രകാരം രണ്ടു ബ്ളോക്കുകൾക്ക് ഒരെണ്ണമെന്ന നിലയിൽ ABC സെന്റർ സജ്ജീകരിക്കേണ്ടതും അതാതു ഗ്രാമപഞ്ചായത്തിൽ നിന്നും പിടികൂടിയ നായകളെ ബ്ലോക്ക് തല ABC സെന്ററിൽ എത്തിച്ച് ശസ്ത്രക്രിയ നടത്തി പഴയ സ്ഥലത്ത് തിരികെ വിടേണ്ടതുമാണ്. എന്നാൽ പദ്ധതി ആരംഭിച്ചതു മുതൽ നാളിതുവരെ എത്ര തെരുവു നായകളെ നരിപ്പറ്റ ഗ്രാമപഞ്ചായത്ത് പരിധിയിൽ നിന്നും പിടികൂടി ആനിമൽ ബർത്ത് കൺട്രോൾ സെന്ററിൽ കൊണ്ടുപോയി ശസ്ത്രക്രിയ നടത്തി തിരികെ കൊണ്ടു വിട്ടിട്ടുണ്ടെന്നതിന് പഞ്ചായത്തിന്റെ കൈവശം യാതൊരു കണക്കുകളുമില്ല (ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് എൻകയറി 18/2023-24 ന് മറുപടി നൽകിയിട്ടില്ല).

2) ABC പരിപാടിക്ക് ഗ്രാമപഞ്ചായത്ത് തലത്തിൽ മോണിട്ടറിംഗ് കമ്മറ്റി രൂപീകരിക്കേണ്ടതായിരുന്നെങ്കിലും നരിപ്പറ്റ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത മോണിട്ടറിംഗ് കമ്മറ്റി രൂപീകരിച്ചിട്ടില്ല.

3) ABC പരിപാടിയുമായി ബന്ധപ്പെട്ട് തെരുവു നായകൾക്ക് തീവ്ര വാക്സിനേഷൻ നൽകൽ, തെരുവു നായകൾക്കായി അഭയകേന്ദ്രങ്ങൾ ഒരുക്കുക, ശുചിത്വയജ്ഞം, IEC ക്യാംപെയ്ൻ എന്നിവ സംഘടിപ്പിക്കുക എന്നീ നാലു ഘട്ടങ്ങളുള്ള കർമ്മ പരിപാടി പ്രാദേശിക സർക്കാർ തലത്തിൽ നടപ്പിലാക്കാൻ സ.ഉ(സാധാ)നം.2244/2022/LSGD തി.15-09-2022 പ്രകാരം ഉത്തരവു നൽകിയിട്ടുണ്ടെങ്കിലും പഞ്ചായത്ത് മേൽപറഞ്ഞ പ്രവർത്തനങ്ങളൊന്നും നടപ്പിൽ വരുത്തിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറിക്ക് (നം.2/23-24/08.11.24) മറുപടി ലഭ്യമാക്കിയിട്ടില്ല.

4) <u>മേൽ പദ്ധതിയുടെ വിനിയോഗ സർട്ടിഫിക്കറ്റ് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല :</u>

മേൽ അപാകതകൾ കാരണം എ ബി സി പദ്ധതിക്കായി ജില്ലാ പഞ്ചായത്തിന് കൈമാറിയ 100000/- രൂപ തടസ്സത്തിൽ വെക്കുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

1-17 ശൗചാലയ നിർമ്മാണം പൂർത്തിയാക്കുന്നതിൽ വീഴ്ച

പദ്ധതി വർഷം ശൗചാലയം നിർമ്മിക്കുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം	വി.ഇ.ഒ
പ്രൊജക്ട് നം.	196/24
അടങ്കൽ	377300
ഫണ്ട്	സി.എഫ്.സി
ചെലവ്	215600
ബിൽ നം.തി	176/24/25.03.24

ഈ പദ്ധതിയിലെ ഗുണഭോക്താക്കളിൽ അഡ്വാൻസ് കൈപ്പറ്റിയ 8 പേർ ഇതുവരെ നിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമനം	ഗുണഭോക്താവിന്റെ പേര്	വാർഡ്
1	ചന്ദ്രി. താനിയുള്ള പൊയിൽ	02
2	ശാലിനി. ചെമ്പിലോറ പാറയുള്ള പറമ്പത്ത്	09
3	ഉഷ. എകരം പറമ്പത്ത്	05
4	ഷൈമ കരുവാന്റെവിട	10

5	സജിന. ലക്ഷം വീട് ഉള്ളിയൂറ	13
6	മാണി.ചെമ്പിലോറപ്പാറയുള്ള പറമ്പത്ത്	09
7	മന്ദി.ചെറുകാവിൽ	13
8	ജാനു. കിഴക്കേ തയ്യിൽ	15

ഗുണഭോക്താക്കൾക്ക് 7700/- രൂപ വീതം അഡ്വാൻസ് നൽകിയിട്ടുണ്ടെങ്കിലും, പ്രവൃത്തി ഇതുവരെ പൂർത്തിയാക്കിയിട്ടില്ല. പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. വീഴ്ചയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.07/24/11.11.24) 14.11.24 ന് വി.ഇ.ഒ സമർപ്പിച്ച മറുപടിയിൽ രണ്ട് ഗുണഭോക്താക്കൾ പ്രവൃത്തി പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കിയുള്ളവർ നിർമ്മാണം പൂർത്തിയാക്കാത്ത പക്ഷം അഡ്വാൻസ് നൽകിയ തുക പലിശ സഹിതം തിരിച്ച് പിടിക്കാൻ നടപടി സ്വീകരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. 8 പേർക്ക് അഡ്വാൻസ് ഇനത്തിൽ നൽകിയ 61600/- രൂപ (7700X8) തടസ്സത്തിൽ വെയ്ക്കുന്നു.

1-18 സ്വയംതൊഴിൽ പദ്ധതി - സബ്സിഡി നൽകി ഒരു വർഷം കഴിഞ്ഞിട്ടും സംരംഭം ആരംഭിച്ചില്ല

പദ്ധതി വർഷം വനിതകൾക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

നിർവ്വഹണം	വി.ഇ.ഒ
പ്രൊജക്ട് നം.	142/24
അടങ്കൽ	1275000
ഫണ്ട്	വികസനഫണ്ട്
ചെലവ്	450000
ബിൽ നം.തി	23/24/05.07.23

രണ്ട് ഗ്രൂപ്പുകൾക്ക് സംരംഭം ആരംഭിക്കുന്നതിനാണ് ആനുകൂല്യം നൽകിയത്. നരിപ്പറ്റ കറിപ്പൗഡർ നിർമ്മാണ യൂണിറ്റിന് 375000/- രൂപയും തനിമ സോപ്പ് നിർമ്മാണ യൂണിറ്റിന് 75000/- രൂപയും ഉൾപ്പെടെ ആകെ 450000/- രൂപയാണ് ചെലവഴിച്ചിരിക്കുന്നത്. ഇതിൽ കറിപ്പൗഡർ നിർമ്മാണ യൂണിറ്റ് ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

പദ്ധതിയുടെ മോണിറ്ററിംഗ് റിപ്പോർട്ട്, പൂർത്തീകരണ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം നൽകാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിക്ക് (നം.09/24/11.11.24) വി.ഇ.ഒ സമർപ്പിച്ച മറുപടിയിൽ ചില സാങ്കേതിക കാരണങ്ങളാലാണ് പ്രവർത്തനം ആരംഭിക്കാൻ വൈകിയതെന്നും പെട്ടെന്ന് തന്നെ സംരംഭം പ്രവർത്തനം ആരംഭിക്കുമെന്നും അറിയിച്ചിട്ടുണ്ട്. സംരംഭം ആരംഭിച്ച രേഖകൾ സഹിതം വിവരം അറിയിക്കുന്നതുവരെ ചെലവ് തുക 375000/- തടസ്സത്തിൽ വെയ്ക്കുന്നു.

1-19 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത കാലയളവിനുള്ളിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2

ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ചുവടെ കൊടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

A) പ്രോജ.നം 172/24, എം.സി.എഫ് നിർമ്മാണം എന്ന പദ്ധതിയ്ക്ക് ടി.എസ് പ്രകാരം പൂർത്തീകരണ കാലാവധി 6 മാസമാണ്. എന്നാൽ നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയ്ക്കായി കരാറുകാരനുമായി കരാർ ചമയ്ക്കുന്നത് 26-12-2022 നാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 21-03-2024 നാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനായി ഭരണ സമിതി അനുമതി നൽകിയത് പൂർത്തീകരണ കാലാവധി കഴിഞ്ഞ് 9 മാസം കഴിഞ്ഞ് 05-02-2024 (തീരുമാനം നം.4) ന് ആണ്.

B) പ്രോജ.നം 162/24 "ഘടക സ്ഥാപനങ്ങൾക്കും അംഗൻവാടികളിലും കമ്പോസ്റ്റ് കുഴി നിർമ്മാണം" എന്ന പദ്ധതിയ്ക്ക് ടി.എസ് പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണ്. എന്നാൽ നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയ്ക്കായി കരാറുകാരനുമായി കരാർ ചമയ്ക്കുന്നത് 31-03-2023 നാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 08-01-2024 നാണ്.

C)ഏക വർഷ പദ്ധതിയായി രൂപീകരിച്ച പ്രോജ നം. 161/24 "നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ" എന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ 5 കുടിവെള്ള പദ്ധതികൾക്കും ഒരു അംഗൻവാടിയിലെ കുഴൽ കിണറിനും ഉൾപ്പടെ 6 മോട്ടോറുകൾ സ്ഥാപിക്കുന്നതിന് "റെയ്ഡ്കോ പേരാമ്പ്ര" എന്ന സ്ഥാപനവുമായി 31-03-2022 കരാർ വെച്ചു എങ്കിലും 5 മോട്ടോറുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. പ്രോജക്റ്റ് പ്രകാരമുള്ള "വള്ളിത്തറ കുടിവെള്ള പദ്ധതി" യുടെ ഭാഗമായ കിണർ, ടാങ്ക്, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം 20.03.2021 ൽ പൂർത്തിയായെങ്കിലും ഓഡിറ്റ് പിരീഡ് വരെ മോട്ടോർ സ്ഥാപിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ള്യു. ഡി. മാന്വവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ കരാറുകാരിൽ നിന്നും **130,310/-** രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ട് നമ്പർ/ പേര്	അടങ്കൽ/ ഫണ്ടിനം/ എസ്റ്റി. PAC	ചെലവ് / ബിൽ നമ്പർ	കരാർ തിയ്യതി/ കരാറുകാരൻ/ സൈറ്റ് ഏറ്റെടുത്ത തിയ്യതി/ കരാർ തുക	പൂർത്തീകരിക്കേണ്ട തിയ്യതി/ പൂർത്തീകരിച്ച തിയ്യതി/ ഈടാക്കേണ്ട പിഴ
1	172/24 എം.സി.എഫ് നിർമ്മാണം	3,374,000/- ധനകാര്യ കമ്മീഷൻഗ്രാന്റ്= 2874000/-, കേന്ദ്രാവിഷ്കൃത	1)342751/- Bill Sanction Oredr No-123 Dtd 27-10-2023	26.12.2022 വളയം ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി	28.6.23 21.3.24 3% Of 2,618,887= **78,566/-**

		ഫണ്ട്=500000/-	2)906556/- Bill Sanction Oredr No-198 Dtd 05-01-2024 3) 500000/- Bill Sanction Oredr No-197 Dtd 05-01-2024 4)1002485/- Bill Sanction Oredr No-378 Dtd 26-03-24	26.12.2022 2,618,887/-	
2	162/24 ഘടക സ്ഥാപനങ്ങൾക്കും അംഗൻവാടികളിലും കമ്പോസ്റ്റ് കുഴി നിർമ്മാണം	550,000/- ധനകാര്യ കമ്മീഷന്റെ ഗ്രാന്റ് =518686/-	518686/- Bill Sanction Oredr No-275 Dtd 01-03-2024	31-03-2023 സജീവൻ.എൻ.കെ 31-03-2023 464,918/-	30.6.23 08.01.24 3% Of 464,918= **13947/-**
3	161/24 നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ	ആകെ അടങ്കൽ-1300000/- (2021-22 ൽ ആവിഷ്കരിച്ച പദ്ധതിയാണ് Proj No 110/2022) ധനകാര്യ കമ്മീഷൻഗ്രാന്റ്= 900000/- തനത് ഫണ്ട്= 400000/-	1) 484852/- Bill Sanction Order No-62,Dtd 15-09-2022 2)269750/- Bill Sanction Order No-229,Dtd 01-02-2024 3) 275825/- Bill Sanction Order No-324,Dtd 22-10-2024	31-03-2022 RAIDCO KERALA LTD, PERAMBRA BRANCH 31-03-2022 1,259,901/-	30-03-2023 (ONE YEAR) പൂർത്തീകരിച്ചിട്ടില്ല. 3% Of 1,259,901= **37797/-**
		ആകെ			**<u>130,310/-</u>**

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരോട് വിശദീകരണം ആവശ്യപ്പെട്ടതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ കാലതാമസവും, മേൽ പ്രവൃത്തികളിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.24/2023-24 തീയതി.14-11-2024) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന 130,310/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയറിൽ നിന്നും തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

1-20 MCF നിർമ്മാണം അപാകത

പ്രോജക്റ്റ് നം ,പേര് -172/2024, എം.സി.എഫ് നിർമ്മാണം

നിർവ്വഹണം -അസി.എഞ്ചിനിയർ

എസ്റ്റിമേറ്റ് നം -LSGD/CELSGP/EST/23734/2022-5-1-1)

വകയിരുത്തിയ തുക-3,374,000/-(ധനകാര്യ കമ്മീഷൻഗ്രാന്റ്=2874000/-,കേന്ദ്രാവിഷ്കൃത ഫണ്ട്=500000/-)

ആകെ ചെലവഴിച്ച തുക-2751792/-

1) Bill Sanction Order No-123 Dtd 27-10-2023, തുക=342751/-

2) Bill Sanction Order No-198 Dtd 05-01-2024, തുക=906556/-

3) Bill Sanction Order No-197 Dtd 05-01-2024, തുക=500000/-

4) Bill Sanction Order No-378 Dtd 26-03-24, തുക=1002485/-

പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) മേൽ പദ്ധതിയുടെ ഭാഗമായി നിർമ്മിച്ച എം.സി.എഫ് കെട്ടിടത്തിൽ 13-11-24 ന് ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ എം.സി.എഫി ന്റെ പ്രവേശന മുറിയിൽ തന്നെ ചുവടെ ചിത്രത്തിൽ കൊടുത്ത പ്രകാരം നാലുകെട്ട് മാതൃകയിൽ നടുമുറ്റം നിർമ്മിച്ചിരിക്കുന്നതായി കണ്ടു. മേൽക്കൂരയിൽ നിന്നുമുള്ള വെള്ളം വീഴുന്നതിന് രണ്ട് അടിയിലും കൂടുതൽ ആഴത്തിലും വീതിയിലുമാണ് എം.സി.എഫി ന്റെ പ്രവേശന മുറിയിൽ നടുമുറ്റം നിർമ്മിച്ചിട്ടുള്ളത്. എന്നാൽ മുകളിൽ നിന്നും വെള്ളം വീഴുന്നതിന് നാലുകെട്ട് മാതൃകയിൽ മേൽക്കൂരയ്ക്ക് ഓപ്പണിംഗ് നൽകാതെ മേൽക്കൂര മുഴുവൻ ആർ.സി.സി ചെയ്യുകയാണ് ചെയ്തിരിക്കുന്നത് എന്ന് കണ്ടു. കൂടാതെ നടുമുറ്റത്തിന് ചുറ്റും സ്റ്റെയിൻലെസ് സ്റ്റീലിൽ പ്രൊട്ടക്ഷൻ ഗ്രിൽ നൽകുകയും ചെയ്തിട്ടുണ്ട്. നടുമുറ്റം നിർമ്മിച്ചിരിക്കുന്ന എം.സി.എഫി ലെ പ്രവേശന മുറി വളരെ ചെറുതും നടുമുറ്റം നിർമ്മിക്കാൻ മാത്രം വലിപ്പമുള്ളതുമല്ല. ഇപ്രകാരം നടുമുറ്റത്തിന്റെ മേൽക്കൂരയ്ക്ക് ഓപ്പണിംഗ് നൽകാതെ ആർ.സി.സി ചെയ്തതെന്തിനെന്നും നടുമുറ്റത്തിന് ചുറ്റും സെറ്റെയിൻലെസ് സ്റ്റീലിൽ പ്രൊട്ടക്ഷൻ ഗ്രിൽ നിർമ്മിച്ചതെന്തിനെന്നും വ്യക്തമല്ല. പദ്ധതിയുടെ എസ്റ്റിമേറ്റിൽ നാലുകെട്ടിന്റെ മേൽക്കൂരയെപ്പറ്റി പരാമർശമില്ല. റിവൈസ്ഡ് എസ്റ്റിമേറ്റിൽ മേൽക്കൂര ആർ.സി.സി ആക്കുകയാണ് ചെയ്തത്. എന്നാൽ തറ നാലുകെട്ട് മാതൃകയിൽ നിർമ്മിക്കുന്നത് റിവൈസ്ഡ് എസ്റ്റിമേറ്റിൽ മാറ്റം വരുത്തിയിട്ടുമില്ല. ഇപ്രകാരം ആസൂത്രണമില്ലാതെ പദ്ധതി തയ്യാറാക്കിയതിനാലും നിർമ്മിച്ചതിനാലും പദ്ധതി തുക ശരിയായ രീതിയിലല്ല നിനിയോഗിച്ചിട്ടുള്ളത് എന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നാലുകെട്ട് മാതൃകയിൽ എം.സി.എഫ് ൽ പ്രവേശന മുറി നിർമ്മിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കാതെയാണ് പദ്ധതി നടപ്പിലാക്കിയത് എന്ന് നിരീക്ഷിക്കുന്നു.



2) പദ്ധതി പ്രകാരം പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ശ്മശാനം ഭൂമിയിൽ എം.സി.എഫ് നിർമ്മിക്കുന്നതിനാണ് തുക വകയിരുത്തിയിട്ടുള്ളത്. എസ്റ്റിമേറ്റ് പ്രകാരം OD 48855/2022-23 എന്ന ഡാറ്റയിൽ MCF നിർമ്മാണത്തിനുള്ള സ്ഥലം ഒരുക്കുന്നതിനായി 25 മരങ്ങൾ മുറിക്കുന്നതിനുള്ള ഐറ്റം ഉൾപ്പെടുത്തി തുക വകയിരുത്തുകയും എം ബുക്ക് പ്രകാരം 25 മരങ്ങൾ മുറിച്ച് മാറ്റുകയും ചെയ്തിട്ടുണ്ട്. ഇതിനായി ജി.എസ്.ടി ഒഴികെ 38000/-രൂപ ബിൽ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്. മുറിച്ച മരങ്ങൾ കോംപൗണ്ടിൽ തന്നെ സ്റ്റാക്ക് ചെയ്യുന്നതിനും വാല്യേഷൻ വാങ്ങി ലേലം ചെയ്യുന്നതിനും സെക്രട്ടറിയെ ചുമതലപ്പെടുത്തുന്നതിനും പഞ്ചായത്ത് തീരുമാനിച്ചിട്ടുണ്ട് (തീരു. നം.2/2 തീയതി 17-01-2023). പദ്ധതി പ്രകാരം മുറിച്ച മരങ്ങൾ സ്റ്റാക്ക് ചെയ്തതായി അസി.എഞ്ചിനിയർ സെക്രട്ടറിക്ക് 28-03-2023 ൽ കത്ത് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഓഡിറ്റ് പിരീഡ് വരെ ഈ മരങ്ങൾ വാലേഷൻ എടുക്കുകയോ ലേലം നടത്തുകയോ ചെയ്തിട്ടില്ല. 13-11-24 ന് നടത്തിയ സ്ഥല പരിശോധനയിൽ മരങ്ങൾ എം.സി.എഫ് കോംപൗണ്ടിൽ വിവിധയിടങ്ങളിലായി കൂട്ടിയിട്ടതായി കണ്ടു.

3) ടി.എസ് പ്രകാരം പ്രവൃത്തി പൂർത്തീകരണ കാലാവധി 6 മാസമാണ്. എന്നാൽ നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയ്ക്കായി കരാറുകാരനുമായി കരാർ ചമയ്ക്കുന്നത് 29-12-2023 നാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 21-03-2024 നാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനായി ഭരണ സമിതി അനുമതി നൽകിയത് പൂർത്തീകരണ കാലാവധി കഴിഞ്ഞ് 9 മാസം കഴിഞ്ഞ് 05-02-2024 (തീരു നം-04) ന് ആണ്. എന്നാൽ പിഴ ഈടാക്കിയിട്ടില്ല. (വിശദമായി ഖണ്ഡിക 1-19ൽ പരാമർശിച്ചിട്ടുണ്ട്)

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (നം.22/23-24 തീയതി 14-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് മറുപടി നൽകേണ്ടതും, MCF ൽ നടുമുറ്റവും, നടുമുറ്റത്തിന് ചുറ്റുമുള്ള "സ്റ്റെയിൻലെസ് സ്റ്റീലിൽ പ്രൊട്ടക്ഷൻ ഗ്രില്ലും" നിർമ്മിക്കാൻ പദ്ധതി റിവൈസ് ചെയ്ത ഉദ്യോഗസ്ഥൻ ബിൽ തയ്യാറാക്കി നൽകിയ ഉദ്യോഗസ്ഥൻ എന്നിവരിൽ നിന്നും വ്യക്തമായ വിശദീകരണം ലഭ്യമാക്കേണ്ടതും, MCF നിർമ്മിച്ച സ്ഥലത്ത് നിന്നും മുറിച്ച മരങ്ങൾ വാല്യേഷൻ നടത്തി ലേലം ചെയ്ത് അറിയിക്കേണ്ടതുമാണ്. അപാകതകൾ പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

1-21 കുടിവെള്ള പദ്ധതി നിർവ്വഹണത്തിലെ അപാകതകൾ

നിർവ്വഹണം- അസിസ്റ്റന്റ് എഞ്ചിനിയർ

പ്രോജക്റ്റ് നം 161/23-24

പ്രോജക്റ്റിന്റെ പേര്- നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതിക്കുള്ള മോട്ടോർ സ്ഥാപിക്കൽ

2023-24ൽ വകയിരുത്തിയ തുക= 815148/-

2023-24ൽ ചെലവഴിച്ച തുക = 269750/-

2021-22മുതൽ ആകെ വകയിരുത്തിയ തുക= 1300000/-

2021-22മുതൽ ആകെ ചെലവഴിച്ച തുക= 1030427/-

1) Bill Sanction Order No-62,Dtd 15-09-2022, Bill Amount=484852/-

2)Bill Sanction Order No-229,Dtd 01-02-2024, Bill Amount=269750/-

3)Bill Sanction Order No-324,Dtd 22-10-2024, Bill Amount=275825/-

2021-22 ൽ 1,300,000/- രൂപ വകയിരുത്തി ആവിഷ്കരിച്ച ഈ പദ്ധതി (Proj No.110/21-22) പഞ്ചായത്തിലെ അഞ്ച് കുടി വെള്ള പദ്ധതികൾക്കും ഒരു അംഗൻവാടി കുഴൽ കിണറിന് മോട്ടോർ സ്ഥാപിക്കുന്നതിനുമായാണ് രൂപീകരിച്ചത്. പദ്ധതി പ്രകാരം റെയ്ഡ്കോ, പേരാമ്പ്ര സമർപ്പിച്ച കട്ടേഷൻ അംഗീകരിക്കാൻ തീരുമാനിക്കുകയും (8-12-2021 ലെ തീരുമനം. 01/01) പർച്ചേസ് ഓർഡർ നൽകുന്നതിന് അസിസ്റ്റന്റ് എഞ്ചിനിയറെ ചുമതലപ്പെടുത്തുന്നതിന് തീരുമാനിക്കുകയും ചെയ്തു. ഇതിന്റെ അടിസ്ഥാനത്തിൽ 1,259,901/- രൂപയ്ക്ക് റെയ്ഡ്കോയുമായി അസിസ്റ്റന്റ് എഞ്ചിനിയർ 31-03-2022 ൽ കരാറിലേർപ്പെട്ടു. പദ്ധതി നിർവ്വഹണം സംബന്ധിച്ച് ചുവടെ കൊടുത്ത അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

1) ഏക വർഷ പ്രോജക്റ്റായി വിഭാവനം ചെയ്ത ഈ പദ്ധതിയ്ക്കായി 2021-22 സാമ്പത്തിക വർഷാവസാനം കരാർ വെച്ചെങ്കിലും പദ്ധതി നാളിതുവരെ പൂർത്തിയാക്കിയിട്ടില്ല. സമയബന്ധിതമായി പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരിൽ നിന്നും ഫൈൻ ഈടാക്കിയിട്ടില്ല. (വിശദമായി ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-19 ൽ പരാമർശിച്ചിട്ടുണ്ട്).

2) കരാർ വെച്ചത് 200 രൂപ സ്റ്റാംപ് പേപ്പറിലാണ്. യഥാർത്ഥത്തിൽ 12190/-രൂപയുടെ സ്റ്റാംപ് പേപ്പറിലായിരുന്നു കരാർ വെക്കേണ്ടത്. ഇപ്രകാരം ചെയ്യാത്തതിനാൽ സർക്കാരിന് സ്റ്റാംപ് പേപ്പർ വിലയിനത്തിൽ 11990/-രൂപയുടെ കുറവുണ്ടായി. (വിശദമായി ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-25 ൽ പരാമർശിച്ചിട്ടുണ്ട്).

4) മേൽ പ്രവൃത്തിക്ക് മെക്കാനിക്കൽ/ഇലക്ടിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. റെയ്ഡ്കോ ആവശ്യപ്പെട്ട തുകയ്ക്ക് കരാർ വെച്ച് തുക നൽകുകയാണ് ചെയ്തത്.

5) മോട്ടോർ പൊതു വിപണിയിൽ നിന്ന് ടെണ്ടർ/ലിമിറ്റഡ് ടെണ്ടർ മുഖേന വാങ്ങുന്നതിനുള്ള സാധ്യത പർച്ചേസ് കമ്മിറ്റി പരിശോധിച്ചിട്ടില്ല.

6) റെയ്ഡ്കോ പമ്പ്സെറ്റ് വിതരണം ചെയ്യുന്നതിനുള്ള അംഗീകൃത സ്ഥാപനമാണെന്ന് തെളിയിക്കുന്ന സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ ഉത്തരവും അനുബന്ധമായി റെയ്കോയ്ക്ക് നൽകാവുന്ന അനുവദനീയമായ നിരക്ക് സംബന്ധിച്ച പട്ടികയും പരിശോധനയ്ക്ക് ഹാജരാക്കിയില്ല.

7) പദ്ധതി പ്രകാരം സ്ഥാപിച്ച മോട്ടോറുകളിൽ 3 പദ്ധതികളുടെയും അംഗൻവാടി കുഴൽ കിണറിന്റെയും മോട്ടോറുകൾ റെയ്ഡ്കോ നിർമ്മിച്ചവയല്ല സ്ഥാപിച്ചിരിക്കുന്നത്. പമ്പ് സെറ്റും അനുബന്ധ ഉപകരണങ്ങളും വാങ്ങിയതിന്റെ ഒറിജിനൽ ബിൽ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ഇതിനാൽ ഏത് കമ്പനിയുടെ മോട്ടോർ ആണെന്നോ ഇതിന്റെ വാറന്റി എത്രകാലത്തേക്ക് ആണെന്നോ സംബന്ധിച്ച വിവരം പഞ്ചായത്തിൽ ലഭ്യമല്ല.

8) "വള്ളിത്തറ കുടിവെള്ള പദ്ധതി" യുടെ ഭാഗമായുള്ള കിണറിന്റെയും ടാങ്ക്, പമ്പ് ഹൗസ് എന്നിവയുടെയും നിർമ്മാണം 20-03-2021 ന് പൂർത്തിയാക്കിയതായി പ്രവൃത്തിയുടെ (89/18-19) എം ബുക്കിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ഈ

പദ്ധതിയുടെ മോട്ടോർ നാളിതുവരെ സ്ഥാപിച്ചിട്ടില്ല. മോട്ടോർ സ്ഥാപിക്കുന്നതിനുള്ള എല്ലാ അടിസ്ഥാന സൗകര്യങ്ങളും പൂർത്തിയാക്കിയ ശേഷം മാത്രം കരാർ വെച്ച ഈ കുടിവെള്ള പദ്ധതിയ്ക്ക് നാളിതുവരെ മോട്ടോർ സ്ഥാപിക്കാത്തതിന് പഞ്ചായത്ത് വിശദീകരണം ആവശ്യപ്പെട്ടിട്ടില്ല. കൂടാതെ 2021-22 ൽ 1,500,000/- രൂപ വകയിരുത്തി മോട്ടോർ സ്ഥാപിക്കുന്നതിനായി പദ്ധതി രൂപീകരിച്ചെങ്കിലും 20-03-2021 ൽ കിണർ, ടാങ്ക്, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം പൂർത്തീകരിച്ച ഈ "വള്ളിത്തറ കുടിവെള്ള പദ്ധതി"യുടെ ഫൈനൽ ബിൽ ഓഡിറ്റ് പിരീഡ് വരെ നൽകിയിട്ടില്ല. ആയതിനും വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

9) പദ്ധതിയുടെ ഭാഗമായി മോട്ടോർ സ്ഥാപിച്ച "പടിഞ്ഞാറെകുന്ന് കുടിവെള്ള പദ്ധതി"യുടെയും "മരോടിക്കുന്ന് കുടിവെള്ള" പദ്ധതിയുടെയും ഭാഗമായുമുള്ള മോട്ടോറുകൾ മാറ്റി സ്ഥാപിച്ചവയാണ്. എന്നാൽ പഴയ മോട്ടോറുകൾ ഓഡിറ്റ് പിരീഡ് വരെ ലേലം ചെയ്ത് ഒഴിവാക്കിയിട്ടില്ല. 13-11-2024 ന് നടത്തിയ സ്ഥല പരിശോധനയിൽ ഇവ പമ്പ് ഹൗസിൽ തന്നെ സൂക്ഷിച്ചിരിക്കുന്നതായി കണ്ടു.

പൊതു വിപണിയിലെ നിരക്ക് പരിശോധിക്കാതെ, ഗ്രാമ പഞ്ചായത്ത് ഫണ്ടിന് നഷ്ടമുണ്ടാകുന്ന തരത്തിൽ പദ്ധതി നടപ്പാക്കിയതിനും പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കാത്തതിനും മറ്റ് അപാകതകൾക്കും വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.23/23-24 തീയതി 14-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ പ്രവൃത്തികളിലെ ഇനങ്ങൾക്ക് മെക്കാനിക്കൽ എഞ്ചിനീയർ/ഇലക്ട്രിക്കൽ എഞ്ചിനീയർ എസ്റ്റിമേറ്റ് തയ്യാറാക്കി, ചെലവഴിക്കാവുന്ന തുക എത്രയെന്ന് നിർണയിക്കേണ്ടതും അധികം നൽകിയ തുക റെയ്ഡ്കോയിൽ നിന്ന് തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്. അപാകതകൾ പരിഗണിച്ച് രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കുന്നത് വരെ ഓഡിറ്റ് വർഷം ചെലവഴിച്ച 269750/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

1-22 നിർവ്വഹിക്കാത്ത ഫോം വർക്കിന് തുക നൽകി

പ്രോജക്റ്റ് നം 67/24

പ്രോജക്റ്റിന്റെ പേര്- ട്രാൻസ്ഫോർമർ മുക്ക് താനിയുള്ള റോഡ് അറ്റകുറ്റപ്പണി

വകയിരുത്തിയ തുക -260000/-(MG Road)

ചെലവഴിച്ച തുക- 252495/-

ബിൽ സാങ്ഷൻ ഓർഡർ നം-354/Dtd 25-03-2024 ,Bill Amount-252495/-

അസിസ്റ്റന്റ് എഞ്ചിനീയർ നിർവഹണം നടത്തിയ മേൽ റോഡ് കോൺക്രീറ്റ് പ്രവൃത്തിക്ക് റോഡ് കോൺക്രീറ്റിംഗിന് ഉപയോഗപ്പെടുത്തിയിട്ടുള്ള ഇനം Mord SOR 75.8.1 പ്രകാരമുള്ളതാണ്. പ്രസ്തുത ഇനത്തിന്റെ ഡാറ്റ പരിശോധിച്ചതിൽ നിന്നും ആകെ തുകയുടെ 4 ശതമാനം ഫോം വർക്കിനായാണ് വകയിരുത്തിയിട്ടുള്ളത് എന്ന് വ്യക്തമാണ്. എന്നാൽ 13-11-24 ന് നടത്തിയ സ്ഥല പരിശോധനയിൽ പ്രസ്തുത റോഡിന്റെ ഇരുവശവും ഉയരമുള്ള മതിലുകളുള്ളതും ഈ മതിലിനോട് ചേർത്ത് മുഴുവൻ ഏരിയയിലും ഫോം വർക്ക് ഇല്ലാതെ റോഡ് കോൺക്രീറ്റ് ചെയ്യുകയും ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ ഈ പ്രവൃത്തിയിൽ 75.8.1 എന്ന ഇനത്തിന് പകരം ഫോം വർക്ക് ഇല്ലാത്ത 75.8.1.1A എന്ന ഇനമായിരുന്നു ഉപയോഗപ്പെടുത്തേണ്ടത്. ഇനങ്ങളുടെ നിരക്കിലെ വ്യത്യാസം ചുവടെ ചേർക്കുന്നു.

75.8.1	75.8.1.1.A	വ്യത്യാസം
8358.3	8027.67	330.63

ഈ പ്രവൃത്തിയ്ക്ക് തയ്യാറാക്കിയ ബിൽ പ്രകാരം 24.75 ഘനമീറ്റർ അളവിൽ (18%

ജി.എസ്.ടി ഒഴികെ ബിൽ പ്രകാരം നൽകിയ തുക=201728.09/-രൂപ) 75.8.1 ഡാറ്റ പ്രകാരം കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിച്ചിട്ടുണ്ട്.

ഫോം വർക്ക് ആവശ്യമില്ലാത്ത പ്രവൃത്തികൾക്കും 75.8.1 എന്ന ഇനം അനുവദിച്ചതിലൂടെ പഞ്ചായത്തിന് അധിക ചെലവുണ്ടായി.

അപാകതകൾ സൂചിപ്പിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.19/23-24 തീയതി-14-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരന് തുക നൽകിയതിൽ നിർവ്വഹിക്കാത്ത ഫോം വർക്കിനുള്ള തുക കൂടി ഉൾപ്പെട്ടതിന് മറുപടി ലഭ്യമാക്കേണ്ടതും അധികം നൽകിയ തുക കണക്കാക്കി കരാറുകാരനിൽ നിന്നും ഈടാക്കി അറിയിക്കേണ്ടതുമാണ്. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

1-23 താല്കാലിക അസിസ്റ്റന്റ് എഞ്ചിനീയർ നിയമനം - വേതനം നൽകുന്നതിൽ സർക്കാർ നിർദ്ദേശം പാലിച്ചില്ല.

06.11.23 ലെ 01/02 നമ്പർ പഞ്ചായത്ത് തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നരിപ്പറ്റ ഗ്രാമപഞ്ചായത്ത് LID&EW ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ നിലവിലുള്ള ഒഴിവിലേക്ക് കോടഞ്ചേരി ഗ്രാമപഞ്ചായത്തിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ 2019 ജൂലൈ മാസം വിരമിച്ച ശ്രീ.പ്രദീപ് കുമാർ.പി എന്നവരെ നിയമിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ശ്രീ.പ്രദീപ് കുമാർ.പി 20-11-2023 മുതൽ 31-03-2024 വരെ LID&EW ഓഫീസിൽ അസിസ്റ്റന്റ് എഞ്ചിനിയർ തസ്തികയിൽ ജോലി ചെയ്യുകയും വേതനം കൈപ്പറ്റുകയും ചെയ്തിട്ടുണ്ട്.

സ.ഉ(സാധാ) നം. 2282/2025/ത.സ്വ.ഭ.വ തീ-25-07-2015 നമ്പർ ഉത്തരവ് പ്രകാരമാണ് ഇദ്ദേഹത്തിന് വേതനം നൽകിയിരിക്കുന്നത്. ഈ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന അസി.എഞ്ചിനിയർക്ക് നൽകേണ്ട വേതനം 30000/-രൂപയാണ്. ഇത് പ്രകാരം 20-11-2023 മുതൽ 31-03-2024 വരെ ആകെ 131,000/- രൂപ വേതനം നൽകിയിട്ടുണ്ട്. എന്നാൽ 11.10.21 ലെ സ.ഉ.29/21/ധന ഉത്തരവ് പ്രകാരം കാറ്റഗറി XI വിഭാഗത്തിലെ ദിവസ വേതന/കരാർ ജീവനക്കാർക്ക് 44020/- രൂപ വേതനം നൽകാവുന്നതാണ്. റിട്ടയർ ചെയ്ത ഉദ്യോഗസ്ഥർക്ക് താത്കാലിക/കരാർ വേതനം നൽകുന്നതുമായി ബന്ധപ്പെട്ട വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുകൊണ്ട് പുറപ്പെടുവിച്ച 19.10.16 ലെ ജി.ഒ.(പി) നം. 159/16/Fin നമ്പർ സർക്കാർ ഉത്തരവ് പ്രകാരം താൽക്കാലികമായി നിയമിതനായ ആൾ റിട്ടയർ ചെയ്ത സ്കെയിലിലെ അടിസ്ഥാന ശമ്പളവും നിലവിൽ വാങ്ങിക്കൊണ്ടിരിക്കുന്ന സർവ്വീസ് പെൻഷൻ തുകയും തമ്മിലുള്ള വ്യത്യാസമാണ് വേതനമായി നൽകേണ്ടത്. എന്നാൽ ഇത് പരിശോധിക്കാതെയാണ് ഇവിടെ അസി.എഞ്ചിനിയർക്ക് വേതനം നൽകിയിരിക്കുന്നത്.

അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകുയറിയ്ക്ക് (25/23-24 തീയതി 14-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇതിനാൽ താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ നിയമിതനായ അസി.എഞ്ചിനിയർക്ക് നൽകിയ വേതനം നൽകിയത് മേൽ ഉത്തരവുകളുടെ അടിസ്ഥാനത്തിൽ പുന:പരിശോധിച്ച് മറുപടി ലഭ്യമാക്കേണ്ടതാണ്.

1-24 അസി.എഞ്ചിനിയർ ഓഫീസിലേക്ക് വാഹനം വാടകയ്ക്ക് എടുക്കൽ - ഐ.ടി ഈടാക്കിയില്ല

പ്രോജ.നം- 128/23-24

വകയിരുത്തിയ തുക- 150000/- (Dev-Gnl=138000/-, Own Fund=12000/-)

ചെലവഴിച്ച തുക-146889/-(Dev-Gnl=134889/-, Own Fund=12000/-)

ബിൽ സാംഗ്ഷൻ ഓർഡർ നം & ബിൽ തുക-

1)259 Dtd 21-02-24 Rs. 52480/-

2)222 DTD 30-01-24 Rs. 47909/-

3)396 DTD 29-03-24 Rs. 1500/-

4)395 DTD 29-03-24 RS.10500/-

5)303 DTD 23-03-24 RS.34500/-

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ വാഹനം വാടകയ്ക്ക് എടുക്കൽ എന്ന പദ്ധതിയ്ക്ക് ക്വട്ടേഷൻ വിളിക്കുകയും കുറഞ്ഞ തുക ക്വാട്ട് ചെയ്ത ശ്രീ.ബിനു കണ്ടിയിൽ, തിനൂർ എന്നവരുടെ ക്വട്ടേഷൻ അംഗീകരിക്കുകയും (18-10-2023ലെ തീരു.നം 01/01) ചെയ്തിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രതിമാസം 2000KM വരെ 34000/- രൂപ എന്ന നിരക്കിൽ ടിയാനുമായി അസി.എഞ്ചിനിയർ കരാർ വെക്കുകയും 2023-24 വർഷം വാടകയിനത്തിൽ ആകെ 146889/-രൂപ മേൽ ബിൽ പ്രകാരം നൽകുകയും ചെയ്തിട്ടുണ്ട്.

1961 ലെ ആദായ നികുതി നിയമത്തിലെ സെക്ഷൻ 194 സി പ്രകാരം സാമ്പത്തിക വർഷത്തിൽ ഒരു ലക്ഷത്തിൽ അധികരിക്കുന്ന കരാർ സേവനങ്ങൾക്ക് വ്യക്തികളിൽ നിന്നും 1% Income Tax സ്രോതസ്സിൽ നിന്നും കുറവ് ചെയ്ത് അടക്കേണ്ടതുണ്ട്. എന്നാൽ പരാമർശിത വ്യക്തിക്ക് തുക കൈമാറിയപ്പോൾ 1% IT ടി.ഡി.എസ് ആയി ബില്ലിൽ ഈടാക്കിയിട്ടില്ല. അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകവയറിയ്ക്ക് (20/23-24 തീയതി 14-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത വ്യക്തി കരാർ പ്രകാരം ലഭിച്ച തുകയിന്മേൽ ആദായ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് നികുതി റിട്ടേൺ പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതും തുടർവർഷങ്ങളിൽ അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതുമാണ്.

1-25 കരാർ തുകയ്ക്ക് ആനുപാതികമായല്ലാതെ കുറഞ്ഞ തുകയ്ക്കുള്ള സ്റ്റാംപ് പേപ്പറിൽ കരാർ വെച്ചു.

കേരള ഫിനാൻസ് ആക്റ്റ്, 2018 പ്രകാരം 1-4-2018 മുതൽ എഗ്രിമെന്റുകളുടെ സ്റ്റാമ്പ് ഡ്യൂട്ടി ഓരോ ആയിരം രൂപയ്ക്കും ഒരു രൂപ (0.1%) വീതമാക്കിയിട്ടുണ്ട്. ഇതിനായി കേരള സ്റ്റാമ്പ് ആക്റ്റ്, 1959 സെക്ഷൻ 5(f) ൽ ആവശ്യമായ ഭേദഗതിയും വരുത്തിയിട്ടുണ്ട്. ഭേദഗതി പ്രകാരം കരാർ തുകയുടെ ആയിരം രൂപക്ക് ഒരു രൂപ എന്ന നിരക്കിൽ മൂല്യമുള്ള മുദ്രപത്രത്തിൽ കരാർ ചമക്കേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിന്റെ 2023-24 ലെ MGNREGA യിലെയും AE, LID&EW യിലെയും ചുവടെ കൊടുത്ത പ്രവൃത്തികളിൽ പ്രവൃത്തി ഏറ്റെടുത്ത കരാർ തുകയ്ക്ക് ആനുപാതികമായ തുകയുടെ മുദ്രപത്രത്തിൽ കരാർ ചമച്ചിട്ടില്ല.

1) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് മെറ്റീരിയൽ സപ്ലൈ

2023-24 ലേക്ക് മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും "വിലങ്ങാട് എസ്.ടി ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി" എന്ന സ്ഥാപനത്തിന് 12,190,863.060/- രൂപ മൂല്യമുള്ള കരാർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. എന്നാൽ "വിലങ്ങാട് എസ്.ടി ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി"യുമായി 22-01-2024 തിയ്യതിയിൽ 200 രൂപയുടെ മുദ്രപത്രത്തിലാണ് സെക്രട്ടറി കരാറിലേർപ്പെട്ടിട്ടുള്ളത്. യഥാർത്ഥത്തിൽ 12190/-രൂപയുടെ സ്റ്റാമ്പ് പേപ്പറിലായിരുന്നു

കരാർ ചമക്കേണ്ടിയിരുന്നത്. അപാകത മൂലം 11990/-രൂപയുടെ നഷ്ടം സ്റ്റാമ്പ് വാല്യൂ ഇനത്തിൽ സർക്കാരിനുണ്ടായിട്ടുണ്ട്.

2) <u>നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ</u>

അസി.എഞ്ചിനിയർ നിർവ്വഹണ ഉദ്യോഗസ്ഥനായ പ്രോജ.നം 161/23-24 പ്രകാരം പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കുന്നതിന് "റെയ്ഡകോ, പേരാമ്പ്ര" യെ ചുമതലപ്പെടുത്തുകയും 08-12-2021 ലെ 01/01 നമ്പർ തീരുമാന പ്രകാരം ആറ് കുടിവെള്ള പദ്ധതികൾക്ക് 1,259,901/- രൂപയുടെ വർക്കിന് 31-03-2022 ൽ ബ്രാഞ്ച് മാനേജർ, റെയ്ഡകോ, പേരാമ്പ്രയുമായി അസി എഞ്ചിനിയർ കരാറിലേർപ്പെടുകയും ചെയ്തു. എന്നാൽ 200 രൂപയുടെ മുദ്രപത്രത്തിലാണ് അസി.എഞ്ചിനിയർ കരാറിലേർപ്പെട്ടിട്ടുണ്ട്. യഥാർത്ഥത്തിൽ 1259/-രൂപയുടെ സ്റ്റാമ്പ് പേപ്പറിലായിരുന്നു കരാർ ചമക്കേണ്ടിയിരുന്നത്. ഇവിടെ 1059/-രൂപയുടെ സ്റ്റാമ്പ് പേപ്പറിന്റെ കുറവുണ്ടായി.

കരാർ തുകയുടെ 0.1 % തുകയ്ക്ക് തുല്യമായ മൂല്യത്തിനുള്ള മുദ്രപത്രത്തിൽ കരാറിലേർപ്പെടാതെ 200 രൂപയുടെ മുദ്രപത്രത്തിൽ കരാർ ചമച്ചതിന് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.17/23-24 തിയ്യതി-14-11-24) മറുപടി ലഭ്യമാക്കിയിട്ടില്ല.

മുദ്ര പത്ര വിലിയിനത്തിൽ സംസ്ഥാന സർക്കാരിനുണ്ടായ നഷ്ടം പരിഹരിക്കുന്നതിന് മേൽ പരാമർശിച്ച പ്രകാരം കരാറെടുത്ത "വിലങ്ങാട് എസ്.ടി ലേബർ കോൺട്രാക്ട്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി" യിൽ നിന്നും 11990/-രൂപയുടെയും "റെയ്ഡ്കോ, പേരാമ്പ്ര"യിൽ നിന്നും 1059/-രൂപയുടെയും മൂല്യമുള്ള മുദ്രപത്രം വാങ്ങി റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതും അപാകതയ്ക്ക് മറുപടി ലഭ്യമാക്കേണ്ടതുമാണ്.

<u>1-26 തൊഴിലുറപ്പ് പദ്ധതി - സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ അധികരിച്ച് തുക നൽകുന്നു.</u>

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് ആവശ്യമായ മെറ്റീരിയലുകൾ സമാഹരിക്കുന്നതിനായി ടെണ്ടർ നടപടി സ്വീകരിക്കുകയും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ "വിലങ്ങാട് എസ്.ടി ലേബർ കോൺട്രാക്ട്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി" ക്ക് ടെണ്ടർ അനുവദിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. ദർഘാസിൽ സിമന്റ് വിതരണത്തിനായി ക്വാട്ട് ചെയ്ത തുക മാർക്കറ്റ് നിരക്കിനേക്കാൾ വളരെ കൂടുതലായതിനാൽ സിമന്റ് വില മാർക്കറ്റ് നിരക്കിലോ അതിൽ കുറഞ്ഞ നിരക്കിലോ വിതരണം നടത്തുന്നതിന് വിതരണക്കാരനോട് നെഗോസിയേഷൻ നടത്തുന്നതിന് പഞ്ചായത്ത് തീരുമാനിച്ചു(28-12-23ലെ തീരു.01). നെഗോസിയേഷൻ പ്രകാരം കയറ്റിറക്ക് കൂലിയടക്കം മാർക്കറ്റ് വിലയ്ക്ക് സിമന്റ് സപ്ലൈ ചെയ്യാൻ തയ്യാറാണെന്ന് കാണിച്ച് "വിലങ്ങാട് എസ്.ടി ലേബർ കോൺട്രാക്ട്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി" കത്ത് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ 2023-24 ൽ മെറ്റീരിയൽ സപ്ലൈ ചെയ്യുന്നതിനുള്ള ഏജൻസിയായി പ്രസ്തുത സ്ഥാപനത്തെ നിശ്ചയിച്ച് തീരുമാനിക്കുകയും (08-01-2024 ലെ തീരു നം.6) ചെയ്തു.

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്ത്, 08.07.2022 ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ആലപ്പുഴ ജില്ലാ ഓംബുഡ്സ്മാന്റെ നടപടി ക്രമം എന്നിവ പ്രകാരം സെക്യൂർ സോഫ്റ്റ്വെയറിലെ സിമന്റിന്റെ നിരക്ക് LMR നിരക്കിനേക്കാൾ കൂടുതലായതിനാലും, സിമന്റ് എം.ആർ.പി രേഖപ്പെടുത്തിയ ഒരു പാക്ക് ചെയ്ത ഉത്പന്നമായതിനാലും എം.ആർ.പി യിൽ

അധികരിച്ച തുക കരാറുകാർക്ക് അനുവദിക്കരുതെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ, സിമന്റിന്റെ പരമാവധി മാർക്കറ്റ് നിരക്ക് 430 രൂപയാണെന്നും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 17.08.2022 ലെ കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. 01.01.2024 മുതൽ 31.03.2024 വരെയുള്ള കാലയളവിൽ പൊതുമരാമത്ത് വകുപ്പ് അംഗീകരിച്ച കോഴിക്കോട് ജില്ലയിലെ സിമന്റിന്റെ ലോക്കൽ മാർക്കറ്റ് നിരക്ക് ടണ്ണിന് 9307/- രൂപയാണ്. അതായത് ബാഗിന് 465/- രൂപ. എന്നാൽ വിപണിയിൽ നിലവിൽ 400/-രൂപയ്ക്ക് താഴെയാണ് സിമന്റ് ബാഗിന് വില. 2023-24 വർഷം 10 റോഡ് കോൺക്രീറ്റ് പ്രവൃത്തികൾ പഞ്ചായത്തിൽ പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര അലോട്ട്മെന്റ് ലഭ്യമല്ലാത്തതിനാൽ ഒരു വർക്കിന്റെയും മെറ്റീരിയലിന്റെ ബിൽ തുക ഓഡിറ്റ് പിരീഡ് വരെ വെണ്ടർമാർക്ക് നൽകിയിട്ടില്ല. എന്നാൽ ഈ വർക്കുകളുടെ ബിൽ തയ്യാറാക്കിയിരിക്കുന്നത് ബാഗിന് 460/- രൂപ നിരക്കിലാണ്. കൂടാതെ ബില്ലുകളിൽ വിതരണം ചെയ്ത സിമന്റിന്റെ ബ്രാൻഡ്, ഗ്രേഡ് എന്നിവ രേഖപ്പെടുത്തിയിട്ടില്ല. അനുവദനീയമായതിനേക്കാൾ അധികം നിരക്കിൽ സിമന്റിന് തുക ചെലവാക്കുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി (16/23-24 തീ.14-11-24) ക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

കരാർ ചമക്കുന്ന കാലയളവിൽ സൂചന ഉത്തരവുകളിലെയും സർക്കുലറിലെയും നിർദ്ദേശങ്ങൾ പ്രസക്തമായിരിക്കെയും, തുക കരാറുകാരന് ലഭ്യമാക്കുന്ന നടപടി പൂർത്തിയാകാത്തതിനാലും, "വിലങ്ങാട് എസ്.ടി ലേബർ കോൺട്രാക്റ്റ് കോ ഓപ്പറേറ്റീവ് സൊസൈറ്റി" കയറ്റിറക്ക് കൂലിയടക്കം മാർക്കറ്റ് വിലയ്ക്ക് സിമന്റ് സപ്ലൈ ചെയ്യാൻ തയ്യാറാണെന്ന് പഞ്ചായത്തുമായുള്ള നെഗോസിയേഷനിൽ അംഗീകരിക്കുകയും ചെയ്ത സാഹചര്യത്തിലും, സ്ഥാപനത്തിന് അനുവദിക്കാൻ അവശേഷിക്കുന്ന സിമന്റ് വില ലോക്കൽ മാർക്കറ്റ് നിരക്കിൽ പരിമിതപ്പെടുത്തി നൽകുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതും സപ്ലൈ ചെയ്ത സിമന്റ്, ബ്രാന്റ് എന്നിവ ബില്ലിൽ രേഖപ്പെടുത്തുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്. അപാകത പരിഹരിച്ച് വിവരം അറിയിക്കേണ്ടതാണ്.

<u>1-27 അളവുകൾ രേഖപ്പെടുത്തുന്നതിലെ അപാകത മൂലം കരാറകാരന് അധികം തുക നൽകുന്നു</u>

CPWD സ്പെസിഫിക്കേഷൻ ഖ 16.4, പട്ടിക 16.12, 16.13 എന്നിവ പ്രകാരം സ്റ്റോൺ അഗ്രിഗേറ്റിന് സ്റ്റാക്ക് ചെയ്ത അളവിന് തുക അനുവദിക്കുമ്പോൾ വോയിഡിനത്തിൽ 7.5% കുറവു ചെയ്ത ശേഷമാണ് തുക അനുവദിക്കേണ്ടിയിരുന്നത്. 2019 ലെ CPWD സ്പെസിഫിക്കേഷൻ 16.4.1.2 പ്രകാരം " The Total Quantity So Arrived Shall Be Reduced By 7.5% To Arrive At The Net Quantity For Payment, In Cases Of Aggregates" എന്നും വ്യക്തമാക്കിയിട്ടുണ്ട്. DSR സ്പെസിഫിക്കേഷനിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുള്ള തൊഴിലുറപ്പ് പദ്ധതി പ്രകാരമുള്ള പ്രവൃത്തികളിൽ ഇപ്രകാരം വോയിഡ് കുറവ് ചെയ്യാതെ അളവുകൾ രേഖപ്പെടുത്തുന്നതിനാൽ കരാറുകാരന് അധിക തുക നൽകാനിടയാകുകയും ആവശ്യമായ മെറ്റീരിയലുകൾ ഇല്ലാത്തതിനാൽ റോഡിന്റെ ഗുണനിലവാരം കുറയാനിടയാവുകയും ചെയ്യുന്നുണ്ട്.

ഇപ്രകാരമുള്ള അളവുകളിലെ വ്യതിയാനത്തിൽ നിന്നും 1:2:4 റേഷ്യോ പാലിക്കപ്പെടാതെയാണ് കോൺക്രീറ്റ് പ്രവൃത്തി നിർവ്വഹിക്കപ്പെട്ടിട്ടുള്ളതെന്നും കണക്കാക്കപ്പെടേണ്ടതാണ്. സാധനങ്ങളുടെ സംഭരണ അളവുകൾ രേഖപ്പെടുത്തുന്നതിലുണ്ടായ വീഴ്ച മൂലം കരാറുകാരന് അധികം തുക നൽകുന്നതിനും പ്രവൃത്തിയുടെ ഗുണമേന്മ നഷ്ടപ്പെടുന്നതിനും കാരണമാകുന്നതാണ്.

അപാകതക്ക് വിശദീകരണം ലഭ്യമാക്കുന്നതിനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ്

അന്വേഷണ കുറിപ്പിന് (നം. 18/23-24 , തിയ്യതി- 14.11.2024) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കേണ്ടതും അപാകത ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിച്ച് അറിയിക്കേണ്ടതുമാണ്.

1-28 ആദായ നികുതി ഈടാക്കിയില്ല

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)

പ്രൊജക്ട് നമ്പർ : 24/24

പ്രൊജക്ട് : ആർദ്രം പി.എച്ച്.സി ഡോക്ടർക്കും ജീവനക്കാർക്കുമുള്ള വേതനം

മേൽ പ്രൊജക്ടിലായി 2023-24 വർഷത്തിൽ ആർദ്രം ജീവനക്കാരുടെ ശമ്പളം ഇനത്തിൽ 1,308,100/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 7,41,924/-രൂപ ഡോ.സുഹാദ് എച്ച്.എസിന് നൽകിയിട്ടുണ്ട്. തുക നൽകിയതിന്റെ വിശദാംശം ചുവടെ.

	മാസം	വേതനം	ബിൽ റഫറൻസ്/ചെക്ക്/ സാങ്ഷൻനമ്പർ
1	4/2023	57,527	132704/27-05-2023
2	5/2023	57,527	150190/01-06-2023
3	6/2023	57,527	341141/21-07-2023
4	7/2023	57,527	402301/05-08-2023
5	8/2023	57,527	4681/16-10-2023
6	9/2023	57,527	4681/16-10-2023
7	10/2023	57,527	783592/10-11-2023
8	11/2023	57,527	889168/05-12-2023
9	12/2023	57,527	1032420/06-01-2023
10	1/20024	57,527	1174240/05-02-2024
11	2/2024	57,527	1322385/05-03--2024
12	3/2024	57,527	375/26-03--2024
13	3/2023	51,600	600165/19-05-2023
ആകെ		7,41,924	

ഡോ.സുഹാദ് എച്ച്.എസിന് മേൽ കാണിച്ചതിൻ പ്രകാരം വിവിധ ബില്ലുകളിലായി 7,41,924/- രൂപ നൽകിയിട്ടുണ്ടെങ്കിലും ഡോക്ടറുടെ ശമ്പളത്തിൽ നിന്നും നിയമാനുസൃതം ഈടാക്കേണ്ട ആദായ നികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകയറി 11/2023-24 ന് മറുപടി നൽകിയിട്ടില്ല. ആദായനികുതി അടയ്ക്കാൻ ബാധ്യതപ്പെട്ട ജീവനക്കാരുടെ ശമ്പള സ്രോതസ്സിൽ നിന്നും ആദായനികുതി ഈടാക്കി സർക്കാരിൽ അടവാക്കേണ്ട ബാധ്യത ശമ്പളം നൽകുന്ന ഉദ്യോഗസ്ഥന്റേതാണ്. ഡോ.സുഹാദ് എച്ച്. എസ് ആദായ നികുതി അടവാക്കിയിട്ടുണ്ടോ എന്ന് പരിശോധിക്കേണ്ടതും, തുടർന്നുള്ള വേതനത്തിൽനിന്നും IT കൃത്യമായി കണക്കാക്കി ഇൻകം ടാക്സ് ഡിപ്പാർട്ട്മെന്റിൽ അടവാക്കേണ്ടതുമാണ്.

ബി) ചെക്ക് നമ്പർ 4681/16-10-2023 പ്രകാരം മാറിയ 2,31,050/-രൂപ എഫ്.എച്ച്.സി ജീവനക്കാർക്ക് 2023 ആഗസ്ത്, സെപ്തംബർ മാസത്തിലെ ശമ്പളമായി നൽകിയിട്ടുണ്ട്. ഡോ.സുഹാദ് എച്ച്.എസ് (1,15,050/-രൂപ), അഞ്ജലി.വി.സി, സ്റ്റാഫ് നേഴ്സ് (44,000/-രൂപ),

സാനിക.എം, ഫാർമസിസ്റ്റ് (36,000/-രൂപ), സിനിമോൾ. കെ. പി, ലാബ് ടെക്നീഷ്യൻ (36,000/-രൂപ) എന്നിങ്ങനെയാണ് 2023 ആഗസ്ത്, സെപ്തംബർ മാസത്തിലെ ശമ്പളം നൽകിയിരിക്കുന്നത്. ഇവരുടെ കൈപ്പറ്റ് റസീറ്റ്, ബിൽ കോപ്പി, അക്നോളജ്മെന്റ് റസീപ്റ്റ് എന്നിവ ഫയലിൽ സൂക്ഷിച്ചിട്ടില്ല. മേൽ രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ 2,31,050/-രൂപയുടെ ചെലവു ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-29 മറ്റൊരാളുടെ അക്കൗണ്ടിലേക്ക് തുക നൽകുന്നു

നിർവഹണ ഉദ്യോഗസ്ഥൻ : മെഡിക്കൽ ഓഫീസർ (എഫ്.എച്ച്.സി)
പ്രൊജക്ട് നമ്പർ : 50/24
പ്രൊജക്ട് : പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം
ബിൽ നമ്പർ, തുക : 889159/5-12-2023, 12,200/-

പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനം എന്ന പ്രൊജക്ടിൽ മേൽ ബിൽ പ്രകാരം മാറിയ 12,200/-രൂപ താഴെ കാണിക്കും പ്രകാരം മൂന്നു വ്യക്തികളുടെ ബാങ്ക അക്കൗണ്ടിലേക്ക് കൈമാറിയിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

	അക്കൗണ്ട് ഹോൾഡറുടെ പേര്	തുക	ആവശ്യം
1	സുനീഷ്	4900	മൊമന്റോ വാങ്ങിയത്
2	മിനീഷ്	2500	വണ്ടി വാടക
3	സജിത്ത്	300	സ്റ്റേഷനറി
		4500	ക്ലിസ് മാസ്റ്റർക്ക് നൽകേണ്ട തുക

മേൽ പദ്ധതി പ്രകാരം ആരോഗ്യ ശുചിത്വ ബോധവൽക്കരണ പ്രശ്നോത്തരി നടത്തിയത് ക്ലിസ് മാസ്റ്റർ ശ്രീ.സി.പി.അശോകൻ ആണ്. പ്രശ്നോത്തരി നടത്തിയതിന് ക്ലിസ് മാസ്റ്റർ ശ്രീ.സി.പി.അശോകന് നൽകേണ്ടിയിരുന്ന 4800/-രൂപ സജിത്ത് എച്ച്.ഐ. യുടെ അക്കൗണ്ടിലേക്കാണ് കൈമാറിയിരിക്കുന്നത്. ക്ലിസ് മാസ്റ്റർ ശ്രീ.സി.പി.അശോകന് നൽകേണ്ട തുക സജിത്ത് എച്ച്.ഐ യുടെ അക്കൗണ്ടിലേക്ക് നൽകിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻകയറി 4/2023-24 ന് മറുപടി നൽകിയിട്ടില്ല. പ്രശ്നോത്തരി നടത്തിയത സംബന്ധിച്ച വിശദാംശം മോണിട്ടറിങ്ങ് സമിതിയുടെ റിപ്പോർട്ട് എന്നിവയും ലഭ്യമാക്കിയിട്ടില്ല. മേൽ അപാകതക്ക് വ്യക്തമായ മറുപടി ലഭ്യമാകും വരെ 4500/-രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ശ്രീ.സി.പി.അശോകൻ എന്നയാൾക്ക് തുക ലഭ്യമായെന്ന് ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതും വിശദാംശങ്ങളും മോണിട്ടറിങ്ങ് സമിതിയുടെ റിപ്പോർട്ടും ലഭ്യമാക്കേണ്ടതുമാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

3-1 പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിൽ കാലതാമസം - നിയമാനുസൃത പിഴ ഈടാക്കിയില്ല

1.2.2012 തിയ്യതിയിലെ ജി.ഒ(പി)13/2012/പി.ഡബ്ള്യു.ഡി കേരള പൊതുമരാമത്ത് മാനുവൽ

സെക്ഷൻ 2112-1 പ്രകാരം കരാറിൽ വ്യവസ്ഥ ചെയ്ത കാലയളവിനുള്ളിൽ തന്നെ മരാമത്ത് പ്രവൃത്തി പൂർത്തീകരിക്കേണ്ടത് കരാറുകാരുടെ ഉത്തരവാദിത്തമാണ്. പൂർത്തീകരണ കാലാവധി പൂർണ്ണമായോ ഭാഗികമായോ കരാറുകാരന്റെ പിഴവ് മൂലം ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി കാലാവധി നീട്ടി അനുവദിക്കാവുന്നതാണ്. ഇതിനായി കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന അപേക്ഷ നൽകേണ്ടതുണ്ട്. ആദ്യതവണ ദീർഘിപ്പിക്കുന്നതിന് PAC തുകയുടെ 1 ശതമാനവും ആദ്യ തവണക്കു ശേഷം 2 ശതമാനവും ആണ് പിഴ ഈടാക്കേണ്ടത്. PWD മാനുവൽ സെക്ഷൻ 2112 പ്രകാരം ഒറ്റത്തവണയുള്ള ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 25 ശതമാനത്തിൽ അധികരിക്കാൻ പാടില്ല. പരാമവധി ദീർഘീകരണം ഒറിജിനൽ കാലാവധിയുടെ 50 ശതമാനത്തിൽ അധികരിക്കാനും പാടില്ല. ഇത്തരം പ്രവൃത്തികൾ ക്രമീകരിച്ച ശേഷമേ കരാറുകാരന് തുക നൽകാവൂ. ചുവടെ കൊടുത്ത പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കിയില്ലെങ്കിലും പിഴ ഈടാക്കിയിട്ടില്ല.

A) പ്രോജ.നം 172/24, എം.സി.എഫ് നിർമ്മാണം എന്ന പദ്ധതിയ്ക്ക് ടി.എസ് പ്രകാരം പൂർത്തീകരണ കാലാവധി 6 മാസമാണ്. എന്നാൽ നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയ്ക്കായി കരാറുകാരനുമായി കരാർ ചമയ്ക്കുന്നത് 26-12-2022 നാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 21-03-2024 നാണ്. പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യാനായി ഭരണ സമിതി അനുമതി നൽകിയത് പൂർത്തീകരണ കാലാവധി കഴിഞ്ഞ് 9 മാസം കഴിഞ്ഞ 05-02-2024 (തീരുമാനം നം.4) ന് ആണ്.

B) പ്രോജ.നം 162/24 “ഘടക സ്ഥാപനങ്ങൾക്കും അംഗൻവാടികളിലും കമ്പോസ്റ്റ് കുഴി നിർമ്മാണം” എന്ന പദ്ധതിയ്ക്ക് ടി.എസ് പ്രകാരം പൂർത്തീകരണ കാലാവധി 3 മാസമാണ്. എന്നാൽ നൽകാവുന്ന പരമാവധി കാലാവധിയ്ക്ക് ശേഷമാണ് മേൽ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളത്. ഈ പ്രവൃത്തിയ്ക്കായി കരാറുകാരനുമായി കരാർ ചമയ്ക്കുന്നത് 31-03-2023 നാണ്. എന്നാൽ പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത് 08-01-2024 നാണ്.

C) ഏക വർഷ പദ്ധതിയായി രൂപീകരിച്ച പ്രോജ നം. 161/24 “നരിപ്പറ്റ ഗ്രാമ പഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ” എന്ന പദ്ധതി പ്രകാരം പഞ്ചായത്തിലെ 5 കുടിവെള്ള പദ്ധതികൾക്കും ഒരു അംഗൻവാടിയിലെ കുഴൽ കിണറിനും ഉൾപ്പടെ 6 മോട്ടോറുകൾ സ്ഥാപിക്കുന്നതിന് “റെയ്ഡ്കോ പേരാമ്പ്ര” എന്ന സ്ഥാപനവുമായി 31-03-2022 കരാർ വെച്ചു എങ്കിലും 5 മോട്ടോറുകൾ മാത്രമാണ് സ്ഥാപിച്ചിട്ടുള്ളത്. പ്രോജക്ട് പ്രകാരമുള്ള "വള്ളിത്തറ കുടിവെള്ള പദ്ധതി" യുടെ ഭാഗമായ് കിണർ, ടാങ്ക, പമ്പ് ഹൗസ് എന്നിവയുടെ നിർമ്മാണം 20.03.2021 ൽ പൂർത്തിയായെങ്കിലും ഓഡിറ്റ് പിരീഡ് വരെ മോട്ടോർ സ്ഥാപിച്ചിട്ടില്ല.

തദ്ദേശ സ്വയംഭരണവകുപ്പ് അഡിഷണൽ ചീഫ് സെക്രട്ടറിയുടെ 18.08.2018 ലെ എ.സി2/223/15. ത.സ്വ.ഭ.വ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്ത പക്ഷം ആദ്യത്തെ മൂന്ന് മാസത്തേക്ക് കരാർ തുകയുടെ 1% വും പിന്നീടുള്ള ഓരോ മൂന്ന് മാസത്തേക്കും കരാർ തുകയുടെ 2% നിരക്കിലും പിഴ ഈടാക്കേണ്ടതാണ്. പി.ഡബ്ള്യു. ഡി. മാന്വവലിൽ നിർദ്ദേശിക്കും പ്രകാരമുള്ള കുറഞ്ഞ നിരക്ക് 3% ശതമാനം കണക്കാക്കിയാൽ കരാറുകാരിൽ നിന്നും **130,310/-** രൂപ പിഴയായി ഈടാക്കേണ്ടതായിരുന്നു. വിശദ വിവരം ചുവടെ കൊടുക്കുന്നു.

ക്രമ നം	പ്രോജക്ട് നമ്പർ/ പേര്	അടങ്കൽ/ ഫണ്ടിനം/ എസ്റ്റി. PAC	ചെലവ് / ബിൽ നമ്പർ	കരാർ തിയ്യതി/ കരാറുകാരൻ/ സൈറ്റ് ഏറ്റെടുത്ത തിയ്യതി/ കരാർ തുക	പൂർത്തീകരിക്കേണ്ട തിയ്യതി/ പൂർത്തീകരിച്ച തിയ്യതി/ ഈടാക്കേണ്ട പിഴ
1	172/24 എം.സി.എഫ് നിർമ്മാണം	3,374,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് = 2874000/-, കേന്ദ്രാവിഷ്കൃത ഫണ്ട് = 500000/-	1)342751/- Bill Sanction Oredr No-123 Dtd 27-10-2023 2)906556/- Bill Sanction Oredr No-198 Dtd 05-01-2024 3) 500000/-	26.12.2022 വളയം ലേബർ കോൺട്രാക്ട് കോ ഓപ്പറേറ്റീവ് സൊസൈറ്റി 26.12.2022 2,618,887/-	28.6.23 21.3.24 3% Of 2,618,887= **78,566/-**

			Bill Sanction Oredr No-197 Dtd 05-01-2024 4)1002485/- Bill Sanction Oredr No-378 Dtd 26-03-24		
2	162/24 ഘടക സ്ഥാപനങ്ങൾക്കും അംഗൻവാടികളിലും കമ്പോസ്റ്റ് കുഴി നിർമ്മാണം	550,000/- ധനകാര്യ കമ്മീഷൻ ഗ്രാന്റ് =518686/-	518686/- Bill Sanction Oredr No-275 Dtd 01-03-2024	31-03-2023 സജീവൻ.എൻ.കെ 31-03-2023 464,918/-	30.6.23 08.01.24 3% Of 464,918= **13947/-**
3	161/24 നരിപ്പറ്റ ഗ്രാമപഞ്ചായത്തിലെ വിവിധ കുടിവെള്ള പദ്ധതികൾക്ക് മോട്ടോർ സ്ഥാപിക്കൽ	ആകെ അടങ്കൽ-1300000/- (2021-22 ൽ ആവിഷ്കരിച്ച പദ്ധതിയാണ് Proj No 110/2022) ധനകാര്യ കമ്മീഷൻഗ്രാന്റ്= 900000/- തനത് ഫണ്ട്= 400000/-	1) 484852/- Bill Sanction Order No-62,Dtd 15-09-2022 2)269750/- Bill Sanction Order No-229,Dtd 01-02-2024 3) 275825/- Bill Sanction Order No-324,Dtd 22-10-2024	31-03-2022 RAIDCO KERALA LTD, PERAMBRA BRANCH 31-03-2022 1,259,901/-	30-03-2023 (ONE YEAR) പൂർത്തീകരിച്ചിട്ടില്ല. 3% Of 1,259,901= **37797/-**
		ആകെ			**130,310/-**

യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാത്തതിന് കരാറുകാരോട് വിശദീകരണം ആവശ്യപ്പെട്ടതായി കാണുന്നില്ല. പ്രവൃത്തി പൂർത്തീകരിക്കാനുണ്ടായ കാലതാമസവും, മേൽ പ്രവൃത്തികളിൽ നിയമാനുസൃത നിരക്കിൽ പിഴ ഈടാക്കാതിരുന്നതിന്റെ കാരണവും വിശദീകരിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻകൃയറിയ്ക്ക് (നം.24/2023-24 തീയതി.14-11-2024) മറുപടി നൽകിയിട്ടില്ല. ഗ്രാമപഞ്ചായത്തിന് നഷ്ടം വന്ന 130,310/- രൂപ കരാറുകാരിൽ നിന്നും ഈടാക്കി സർക്കാർ ഫണ്ടിൽ അടവാക്കേണ്ടതാണ്. അല്ലാത്തപക്ഷം ഫൈനൽ ബിൽ തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും തുക ഈടാക്കി രേഖകൾ സഹിതം അറിയിക്കേണ്ടതാണ്.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

വർഷം	സർട്ടിഫിക്കേഷന് കണക്കുകൾ	സർട്ടിഫിക്കറ്റ് നമ്പർ/ തീയതി

	പരിശോധിച്ചതിയതി	
2023-24	07.11.2024-08.11.2024	ഇതേ നമ്പർ ഓഡിറ്റ് റിപ്പോർട്ടിനോടൊപ്പം പുറപ്പെടുവിച്ചു

4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

വിഹിതം നൽകിയ സ്ഥാപനം	തുക ലഭിച്ച വർഷം	ലഭിച്ച തുക	പ്രോജക്ടിന്റെ പേര	ചെലവ്	ബാലൻസ്
ബ്ലോക്ക് പഞ്ചായത്ത്	2023-24	100000	പ്രോജക്ട് നം-22/23-24. സാന്ത്വന പരിചരണം	100000	0
	2023-24	40000	പ്രോജക്ട് നം-32/23-24. ലൈഫ് പട്ടികജാതി	40000	0
		500000	പ്രോജക്ട് നം-31/23-24. ലൈഫ് ഭവനപദ്ധതി	500000	0
	2023-24	720000	പ്രോജക്ട് നം-126/23-24. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത	720000	0
	2022-23	450000	പ്രോജക്ട് നം-158/23-24.(S.O) മോഡേൺ അങ്കണവാടി -തിനൂർ	450000	0
	2023-24	332225	പ്രോജക്ട് നം-10/23-24. ക്ഷീരകർഷകർക്കുള്ള പാലിന് സബ്സിഡി	332225	0
	2023-24	50000	പ്രോജക്ട് നം-10/23-24. ക്ഷീരകർഷകർക്കുള്ള പാലിന് സബ്സിഡി	50000	0
	2023-24	240000	പ്രോജക്ട് നം-126/23-24. ഭിന്നശേഷി വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്, ബത്ത	240000	0
	2023-24	114351	14/23-24. കറവ പശുക്കൾക്ക് കാലിത്തീറ്റ സബ്സിഡി	114351	0

4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഇല്ല

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരങ്ങൾ

വായ്പയുടെ	ഉത്തരവ്	തൻവർഷം	വർഷാരം	തൻവർഷം	വർഷാവ

പേര്/ ഉദ്ദേശ്യം	നമ്പർ/ തിയ്യതി	എടുത്ത വായ്പ	ഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തിരിച്ചടച്ച തുക		സാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക
				മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി വായ്പ (കെയു.ആർ.ഡി.എഫ്.സി)	സ.ഉ(എം.എസ്) 68/2018. ത.സ്വ.ഭ.വ തീയതി-18/08/2018	10,70,000	18447987	2044013		17473974

4-6 സ്ഥിര നിക്ഷേപം

വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം	2797324
തൻവർഷം നിക്ഷേപിച്ച തുക	237772
ആകെ	3035096
തന്നാണ്ടിൽ പിൻവലിച്ച തുക	0
വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം	3035096

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

ക്രമനം	സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ ട്രഷറി/ പോസ്റ്റ് ഓഫീസ്....)	നിക്ഷേപിച്ച തിയതി	കാലയളവ്	തുക	റിമാർക്സ്
1	കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്, കക്കട്ടിൽ (FD Receipt No-109060004177)	04.02.2024	1	1517548	
2	കക്കട്ടിൽ കോ-ഓപ്പറേറ്റീവ് റൂറൽ ബാങ്ക് ലിമിറ്റഡ്, കക്കട്ടിൽ (FD Receipt No-109060004176)	04.02.2024	1	1517548	
ആകെ				3035096/-	

4-7 ഓഡിറ്റ് നിക്കവറി

ഈയിനത്തിൽ തൻവർഷം വരവില്ല.

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പു പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ഓഡിറ്റ് വർഷം	ഖണ്ഡിക	സമാഹൃത റിപ്പോർട്ട് വർഷം	ഖണ്ഡിക	വിഷയം	ഇപ്പോഴത്തെ അവസ്ഥ
1999-2000	8	2003-04 (മറ്റ് പരാമർശം)	11.14	പൂർത്തീകരിക്കാത്ത ജലസേചന	തുടരുന്നു

				പദ്ധതി	
2001-02	6	2003-04 (മറ്റ് പരാമർശം)	11.14	കല്ലുമ്മൽ-പ്പറേന്റ മീത്തൽ റോഡ്	തുടരുന്നു
2015-16	2-1	2016-17	അനുബന്ധം- 5	തൊഴിൽ നികുതി അപാകതകൾ	തുടരുന്നു

4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

-ഇല്ല-

(ബി)സർചാർജ് നടപടി വഴി ഈടാക്കാനവശേഷിക്കുന്ന തുക

ക്രമനം.	റിപ്പോർട്ട് വർഷം	ഖണ്ഡികനം.	ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ്	സർചാർജ് സർട്ടിഫിക്കറ്റ്		സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി)	റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി)	കോടതി വ്യവഹാരങ്ങളിൽ		ആകെ ലഭ്യമായ തുക	അവശേഷിക്കുന്ന തുക/ ബാധ്യത	റിമാർക്സ്
				നമ്പരും തീയതിയും	തുക			ഉൾപ്പെട്ട തുക	ഈടാക്കിയ തുക			
1	2	3	4	5	6	7	8	9	10	11	12	13
1	1996-97	9(1)	ശ്രീ. ഐ. നാരായണൻ	എൽ. എഫ്. 14146/ SP Cell. Sc4/ 2000/ 20.10.01	295		-	-	-		295	

4-10 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	: 4,25,53,263
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	: 4,37,01,166
വരവിനങ്ങളിലുള്ള നഷ്ടം (കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടം)	: 14,553
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക	: 1,30,310
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	: 13,10,707

(ബി).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
3-1	1,30,310	ശ്രീമതി.രാജശ്രീ സി.എച്ച്, സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്)

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-9	34,000	ഡോ. ഇസ്മയിൽ പുളിയാംവീട്ടിൽ, മെഡിക്കൽ ഓഫീസർ

1-14	2,34,807	ശ്രീ.പ്രദീപ് കുമാർ. വി.പി, ഹെഡ്മാസ്റ്റർ
1-16	1,00,000	ശ്രീമതി.രാജശ്രീ സി.എച്ച്, സെക്രട്ടറി
1-17	61,600	ശ്രീമതി.നിത്യ. ബി, വി.ഇ.ഒ
1-18	3,75,000	ശ്രീമതി.നിത്യ. ബി, വി.ഇ.ഒ
1-21	2,69,750	ശ്രീമതി.രാജശ്രീ സി.എച്ച്, സെക്രട്ടറി അസിസ്റ്റന്റ് എഞ്ചിനീയർ (ഇൻ ചാർജ്ജ്)
1-28	2,31,050	ഡോ.ഇസ്മയിൽ പുളിയാംവീട്ടിൽ, മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ
1-29	4,500	ഡോ.ഇസ്മയിൽ പുളിയാംവീട്ടിൽ, മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-24	1,468	ശ്രീമതി.രാജശ്രീ സി.എച്ച്. അസി.എഞ്ചിനീയർ ഇൻ ചാർജ്ജ്
1-25(1)	11,990	ശ്രീമതി.രാജശ്രീ സി.എച്ച്, സെക്രട്ടറി
1-25(2)	1,095	ശ്രീമതി.രഞ്ജു., അസി.എഞ്ചിനീയർ (31.03.2022)

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ഡോ.ഇസ്മയിൽ പുളിയാംവീട്ടിൽ, മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി പുറമേരി	പുളിയാംവീട്ടിൽ, അരൂർ പി.ഒ, കോഴിക്കോട്-17
ശ്രീ.പ്രദീപ് കുമാർ വി.പി, ഹെഡ്മാസ്റ്റർ	ഹെഡ്മാസ്റ്റർ, ജി.എൽ.പി.സ്കൂൾ, പാലൂർ, വാണിമേൽ	വടക്കേപറമ്പത്ത്, മുള്ളമ്പത്ത് പി.ഒ, കോഴിക്കോട്-673507
ശ്രീമതി.നിത്യ ബി, വി.ഇ.ഒ	വി.ഇ.ഒ വേളം ഗ്രാമപഞ്ചായത്ത്	രാധാലയം, കുമ്മങ്കോട്, നാദാപുരം
ശ്രീമതി.രാജശ്രീ സി.എച്ച്, സെക്രട്ടറി	സെക്രട്ടറി, നരിപ്പറ്റ ഗ്രാമപഞ്ചായത്ത്	'നിയതം' വീട് പീട്ടാ കണ്ടിയിൽ കോടഞ്ചേരി.പി.ഒ പുറമേരി (വഴി) വടകര – 673503
ഡോ.ഇസ്മയിൽ പുളിയാംവീട്ടിൽ, മെഡിക്കൽ ഓഫീസർ ഇൻ-ചാർജ്ജ്	മെഡിക്കൽ ഓഫീസർ, എഫ്.എച്ച്.സി പുറമേരി	പുളിയാംവീട്ടിൽ, അരൂർ പി.ഒ, കോഴിക്കോട്-17
ശ്രീമതി.രഞ്ജു. അസി.എഞ്ചിനീയർ(31.03.2022)	ലഭ്യമല്ല	ലഭ്യമല്ല

ശ്രീമതി.രഞ്ജു.അസി.എഞ്ചിനീയറുടെ മേൽവിലാസം, നിലവിൽ ജോലി ചെയ്യുന്ന കാര്യാലയം എന്നിവ ലഭ്യമാക്കേണ്ടതാണ്.

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് വർഷം	ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകൾ
1999-00 ഡി.സി.ബി	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(4) തി.27.04.2023	2	8,1,(ഡി.സി.ബി) (സമാഹൃതം)
1999-00 (പ്ലാൻ)	കെ.എസ്.എ.ക്ക്.കെ.ഡി.പി3/1048/ 2019(4) തി.26.08.2020	4	8,9,16,17
2000-01 (പ്ലാൻ)	എൽ.എഫ്.കെ.ക്കെ.ഡി.പി3/1048/2019(54)/ തി.25.08.2020	5	3, 4(2), 5, 11, 12
2001-02	എൽ.എഫ്.ക്കെ.ക്കെ.ഡി/പി6/ 1689(19)/2011 തീയതി 08.12.2011	7	3,4(1),4(2),5,7, 11, 12
2005-06	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(9) തി.27.04.2023	2	3-10,3-13(1,2)
2006-07	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(10) തി.27.04.2023	3	3-8,3-14, 3-15
2007-08	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(11) തി.27.04.2023	8	3-1,3-4,3-9,3-10, 3-11,3-12, 3-13,3-16(എ))
2009-10	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(13) തി.27.04.2023	3	3-6,3-7, 3-8
2010-11 &11-12	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(14) തി.27.04.2023	8	3-3, 3-4, 3-6, 3-8,3-9,3-12, 3-10,3-13
2012-13, 2013-14	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(15) തി.27.04.2023	8	3-6,3-7,3-9,3-11, 3-13,3-14,3-22, 3-20
2014-15	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(16) തി.27.04.2023	6	3-1,3-4(1),3-5, 3-12,3-14,3-15
2015-16	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(17) തി.27.04.2023	5	2-1,2-3,3-2, 3-3(1,2),3-1
2016-17	കെ.എസ്.എ.ക്ക്.കെ.ഡി.പി3/371/ 2022(18) തി.27.04.2023	5	3-1,3-2, 3-8, 3-10, 3-13
2017-18	കെ.എസ്.എ.ക്ക്.കെ.ഡി.പി3/1069/ 2022(1) തി.27.04.2023	13	1-10,1-12(1-2),2-5, 3-3,3-6,3-7,3-8, 3-9,3-10,3-13, 3-14,3-16, 3-17

2018-19	കെ.എസ്.എ.ക്കെ.കെ.ഡി.പി3/1069/ 2022(2) തി.27.04.2023	12	1-5(1,2,3,5,6), 1-6(1,3),1-10,1-13, 1-16,1-20,1-22, 1-23,1-27(2), 1-27(3),1-29,1-30
2019-20	കെ.എസ്.എ.ക്കെ.കെ.ഡി.പി3/ 1822/ 2022 തി-03.12.2022	26	1-1,1-3(1), 1-3(3), 1-3(4), 1-3(5), 1-3(7), 1-3(8), 1-4, 1-5(ബി),1-5(ഡി), 1-6(1),1-6(2),1-8, 1-10,1-11,1-13,1-14, 1-15(2),1-15(3), 1-16,1-17, 1-18, 1-20,1-21,1-24,1-25
2020-21	കെ.എസ്.എ.ക്കെ.കെ.ഡി.പി3/1003/ 2022 തി-21.06.2022	28	1-1 To 1-28
2021-22	കെ.എസ്.എ.ക്കെ.കെ.ഡി.പി3/1009/ 2023 തി-23.07.2023	23	1-1, 1-2-1, 1-4-1, 1-5, 1-8, 1-9 മുതൽ 1-15 വരെ1-17, 1-19, 1-20, 1-21, 1-22, 1-24, 1-25, 1-26, 1-27, 4-8, 4-11
2022-23	കെ.എസ്.എ.ക്കെ.കെ.ഡി.പി3/1491/ 2023 തി-06.05.2024	35	1-1,1-1-1 മുതൽ 1-1-10വരെ,1-4-1,1-5, 1-6,1-8,1-9 മുതൽ 1-26 വരെ,4-8,4-11

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

Annexure-1
Audit Certificate

i. I have audited the attached Financial statements approved vide resolution number 1(1) dated 1(1) dated 29-05-2024 and submitted on 31-05-2024 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2024 and Balance sheet as on 31-03-2024 , with supporting forms, of the Naripatta Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result for the year 2023-2024 and Financial position of Naripatta Grama Panchayat as on 31-03-2024

Date: 02/12/2024 **Deputy Director**

Kerala State Audit Department

Audit Report appended to the Audit Certificate of Naripatta Grama Panchayat for the Year 2023-2024.

1.Major Observations

NIL

2.Other Observations

1.Following mandatory financial statements prescribed in Accounting Rules are not

submitted for audit.

a.Ratios.

2.Cash flow Statements-Net increase/decrease in cashflow does not match with the difference between closing balance of cash and cash equivalents.

3.Delay in making entry in bank book

4.Payment voucher missclassification

5.Grant liability amount shown as liability in Balance sheet does not match with Bank account opened for the specified purpose.

6.The Expenditure amount in CFC does not match with AFS

7.Lapses in making timely and accurate demand entries in respect of tax and non tax revenue

8.Depreciation not provided for asset

9.Demand registers are not periodically reconciled with accounts

അനുബന്ധം-2
ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കോഴിക്കോട് ജില്ലയിലെ നരിപ്പറ്റ ഗ്രാമപഞ്ചായത്തിന്റെ 2023-2024 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്